2025JANUARY
29
WEDNESAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഡീപ്സീക്ക് ഷോക്ക്: ലോക സമ്പന്നർക്ക് നഷ്ടം 9 ലക്ഷം കോടി

**മുംബൈ:** ഡീപ്സീക്ക് ഷോക്കിൽ ലോക കോടീശ്വരന്മാരിലെ പ്രമുഖർക്ക് ഒരൊറ്റ ദിവസംകൊണ്ട് നഷ്ടമായത് 9.34 ലക്ഷം കോടി(108 ബില്യൺ ഡോളർ) രൂപ. എഐയുമായി ബന്ധമുള്ള 500ഓളം ശതകോടീശ്വരന്മാർക്കാണ് അടിതെറ്റിയത്. ബ്ലൂംബർഗ് ബില്യണയേഴ്സ് സൂചിക പ്രകാരം എൻവിഡിയയുടെ ഹുവാങിന്റെ സമ്പത്തിൽ 20 ശതമാനം (20.1 ബില്യൺ ഡോളർ) കുറവുണ്ടായി. ഒറാക്കിൾ സ്ഥാപകൻ ലാറി എല്ലിസണ് നേരിടേണ്ടിവന്നത് 12 ശതമാനം (22.6 ബില്യൺ ഡോളർ) നഷ്ടം. ഡെല്ലിന്റെ മൈക്കൽ ഡെല്ലിന്റെ സമ്പത്തിൽ 13 ബില്യൺ ഡോളറും ബൈയാൻസ് ഹോൾഡിങ്സിന്റെ സഹസ്ഥാപകൻ ഷാൻപെങിന്റെ സ്വത്തിൽ 12.1 ബില്യൺ ഡോളറും അപ്രത്യക്ഷമായി.

ടെക് കമ്പനികളുടെ യുഎസിലെ സൂചികയായ നാസ്ദാക്ക് കഴിഞ്ഞ ദിവസം 3.1 ശതമാനം തിരിച്ചടി നേരിട്ടു. എസ്ഐൻഡ്പി 500 സൂചികയാകട്ടെ 1.5 ശതമാനം താഴ്ന്നു.

2023 മുതൽ എഐ മോഡലുകൾ വികസിപ്പിച്ചുവരുന്ന കമ്പനിയാണ് ഡീപ്സീക്ക് എങ്കിലും ആഗോളതലത്തിൽ പ്രത്യേകിച്ച് പാശ്ചാത്യ ലോകത്ത് കഴിഞ്ഞ ദിവസങ്ങളിലായിരുന്നു അതിവേഗം ശ്രദ്ധപിടിച്ചുപറ്റിയത്. ഡീപ്സീക്ക് ആർ 1 ചാറ്റ്ബോട്ട് ലോകമെമ്പാടുമുള്ള ഡൗൺലോഡ് ചാർട്ടുകളിൽ ഒന്നാമതെത്തി.

ശക്തമായ എഐ മോഡലുകൾ വികസിപ്പിക്കുന്നതിന് വൻതോതിൽ മൂലധന ചെലവ് അനിവാര്യമാണെന്നിരിക്കെ വെറും 5.6 മില്യൺ ഡോളർ ചെലവാക്കിയാണ് ഡീപ്സീക്കി




ന്റെ വരവ്. ആഗോള നിക്ഷേപകരിൽ ആശങ്ക ഉയർത്താനിടയായതും അതുകൊണ്ടുതന്നെ. രണ്ടര വർഷത്തോളമായി വിപണിയുടെ മുന്നേറ്റത്തിലൂടെ വൻതോതിൽ നേട്ടമുണ്ടാക്കിയ (എഐ ശൃംഖലയുടെ ഭാഗമായ) ശതകോടീശ്വരന്മാർക്ക് കനത്ത ആഘാതമായി ഡീപ്സീക്കിന്റെ വരവ്. മെറ്റ പ്ലാറ്റ്ഫോംസ്, ആൽഫബെറ്റ്, മൈക്രോസോഫ്റ്റ് എന്നിവയുടെ എഐ മോഡലുകൾ ആഗോളതലത്തിൽ കോടീശ്വരന്മാരുടെ സമ്പത്തിൽ വൻ വർധനവിന് കാരണമായിരുന്നു.എഐ പദ്ധതികൾക്കായി 65 ബില്യൺ ഡോളർ വരെ ചെലവഴിക്കാൻ പദ്ധതിയുള്ളതായി മെറ്റ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മാർക്ക് സക്കർബർഗ് വെള്ളിയാഴ്ച പ്രഖ്യാപിച്ചിരുന്നു. ബ്ലൂംബർഗിന്റെ റിപ്പോർട്ട് പ്രകാരം 2025ൽ എഐക്കായി വൻകിട ടെക് കമ്പനികൾ മുടക്കാനിരിക്കുന്നത് 200 ബില്യൺ ഡോളറാണ്. ഇതിനിടെയാണ് കുറഞ്ഞ ചെലവിൽ എഐയുമായി ഡീപ്സീക്കിന്റെ ഷോക്ക്. വൻതുക ചെലവാക്കിയിട്ടും പരിമിതമായ വരുമാനം മാത്രമാണ് കമ്പനികൾക്ക് ലഭിച്ചുതുടങ്ങിയിട്ടുള്ളതെങ്കിലും വിപണികൾ യുഎസ് ടെക് സ്റ്റോക്കുകൾക്ക് ഉയർന്ന മൂല്യം നൽകി. അതേ തുടർന്നുണ്ടായ കുതിപ്പിൽ ടെക് കമ്പനി ഉടമകൾക്ക് വൻതോതിൽ സമ്പത്ത് സൃഷ്ടിക്കാനായി.

എഐ വഴി എൻവിഡിയയാണ് കൂടുതൽ നേട്ടമുണ്ടാക്കിയത്. 2023 മുതൽ കഴിഞ്ഞ വെള്ളിയാഴ്ചവരെയുള്ള എഐ ബൂമിൽ ഹുവാങ്ങിന്റെ ആസ്തി എട്ട് മടങ്ങ് വർധിച്ച് 121 ബില്യൺ ഡോളറിലെത്തിയിരുന്നു. സക്കർബർഗിന്റെ സമ്പത്താകട്ടെ 385 ശതമാനം ഉയർന്ന് 229 ബില്യൺ ഡോളറായി. ആമസോൺ സ്ഥാപകനായ ജെഫ് ബെസോസിന്റെ സമ്പത്താകട്ടെ 133 ശതമാനം ഉയർന്ന് 154 ബില്യണുമായി. എൻവിഡിയയുടെ ഹുവാങ്ങും എലിസണും കനത്ത നഷ്ടം നേരിട്ടപ്പോൾ മറ്റ് പ്രമുഖ കോടീശ്വരന്മാർ കാര്യമായി പരിക്കേൽക്കാതെ രക്ഷപ്പെട്ടത് മറ്റ് ബിസിനസുകൾ കൂടി ഉണ്ടായിരുന്നതുകൊണ്ടാണ്.

ചാറ്റ് ജിപിടി, അൻട്രോപിക് ക്ലൗഡ് എന്നിവ ഉൾപ്പടെയുള്ള എതിരാളികൾക്ക് കനത്ത വെല്ലുവിളി ഉയർത്തി സ്വതന്ത്ര മോഡൽ വികസിപ്പിക്കാൻ ഡീപ്സീക്കിനായി എന്നതാണ് ആഗോളതലത്തിൽ ഉയർത്തിയ വെല്ലുവിളി. സിലിക്കൺ വാലിയിലെ എഐ മോഡലുകൾക്കായുള്ള മൂലധന ചെലവിന്റെ യുക്തി ചോദ്യംചെയ്യാൻ നിക്ഷേപകരെ ഇത് പ്രേരിപ്പിച്ചു.



# എൻവിഎസ് 02 വിക്ഷേപണം വിജയം

**ശ്രീഹരിക്കോട്ട:** ഗതിനിർണയ ഉപഗ്രഹമായ 'എൻവിഎസ്02' വിക്ഷേപണം പരിപൂർണ വിജയം. രാവിലെ 6.23നു ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നാണ് 'ജിഎസ്എൽവി, എഫ്15 എൻവിഎസ് 02' കുതിച്ചുയർന്നത്. വിക്ഷേപണം നടന്ന് 19 മിനിറ്റിൽ ഉപഗ്രഹത്തെ നിർണായക ഭ്രമണപഥത്തിലെത്തിച്ചു.

നൂറാം വിക്ഷേപണമെന്ന ചരിത്ര നേട്ടവും ഇതോടെ ഐഎസ്ആർഒ സ്വന്തമാക്കി. ഐഎസ്ആർഒയുടെ ചെയർമാനായി വി.നാരായണൻ ചുമതലയേറ്റ ശേഷം നടക്കുന്ന ആദ്യ ദൗത്യം കൂടിയാണിത്. സ്ഥാനനിർണയം, നാവിഗേഷൻ, സമയം എന്നിവയുടെ കൃത്യതയ്ക്കായി ഐഎസ്ആർഒ വികസിപ്പിച്ച 7 ഉപഗ്രഹങ്ങളുടെ ശ്രേണിയാണു നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ (നാവിക്).

2,250 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹത്തെ 322.93 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ എത്തിക്കുകയായിരുന്നു ലക്ഷ്യം. ജിപിഎസിനു സമാനമായി സ്റ്റാൻഡേഡ് പൊസിഷൻ സർവീസ് സേവനം ലഭ്യമാക്കുന്നത് നാവിക് ആണ്. രാജ്യവും അതിർത്തിയിൽ നിന്ന് 1,500 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശവും പരിധിയിൽ വരും. എൻവിഎസ് 01 കഴിഞ്ഞ വർഷം മേയിൽ വിക്ഷേപിച്ചിരുന്നു.

# മോദി,ട്രംപ് കൂടിക്കാഴ്ച ഫെബ്രുവരിയിൽ യുഎസിൽ

**വാഷിങ്ടൻ:** ഫെബ്രുവരിയിൽ കൂടിക്കാഴ്ചയ്ക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി വൈറ്റ് ഹൗസിൽ എത്തുമെന്നു യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഫ്ലോറിഡയിൽനിന്നും മടങ്ങുന്നതിനിടെ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായയാണു പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് സന്ദർശിക്കുമെന്ന് ട്രംപ് ഔദ്യോഗികമായി അറിയിച്ചത്.



തിങ്കളാഴ്ച രാവിലെ ഞാൻ അദ്ദേഹവുമായി ദീർഘനേരം സംസാരിച്ചു. അടുത്ത മാസം, മിക്കവാറും ഫെബ്രുവരിയിൽ തന്നെ അദ്ദേഹം വൈറ്റ് ഹൗസ് സന്ദർശനത്തിന് എത്തും. ഞങ്ങൾക്ക് ഇന്ത്യയുമായി വളരെ നല്ല ബന്ധമാണുള്ളത്." ഡോണൾഡ് ട്രംപ് പറഞ്ഞു.

ട്രംപ് ആദ്യം പ്രസിഡന്റായിരുന്ന കാലയളവിൽ ഇന്ത്യയിലേക്കാണ് അവസാനത്തെ വിദേശ സന്ദർശനം നടത്തിയത്. 2019 സെപ്റ്റംബറിൽ ഹ്യൂസ്റ്റണിൽ നടത്തി 'ഹൗഡി മോദി'യിലും 2020 ഫെബ്രുവരിയിൽ അഹമ്മദാബാദിലും നടന്ന 'നമസ്തേ ട്രംപ്' റാലിയിലുമായി പതിനായിരക്കണക്കിനു ആളുകളെയാണ് ഇരു നേതാക്കളും അഭിസംബോധന ചെയ്തത്.

# മുല്ലപ്പെരിയാർ അണക്കെട്ടിൽ സുരക്ഷാ ഭീഷണിയെന്നത് ആശങ്ക മാത്രം: സുപ്രീം കോടതി

**ന്യൂഡൽഹി:** മുല്ലപ്പെരിയാർ അണക്കെട്ടിന് സുരക്ഷാഭീഷണി ഉണ്ടെന്നത് ആശങ്ക മാത്രമാണെന്ന നിരീക്ഷണവുമായി സുപ്രീം കോടതി. അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ടു സമർപ്പിച്ച ഹർജി പരിഗണിക്കവെയാണു കോടതി ഇക്കാര്യം വാക്കാൽ പരാമർശിച്ചത്. 135 വർഷത്തെ കാലവർഷം (മൺസൂൺ) അണക്കെട്ട് മറികടന്നതാണെന്നും സുപ്രീം കോടതി ജഡ്ജി ഋഷികേശ് റോയി ചൂണ്ടിക്കാട്ടി.



അണക്കെട്ടുമായി ബന്ധപ്പെട്ട ഹർജികൾ മൂന്നംഗ ബെഞ്ച് പരിഗണിക്കുമെന്നും സുപ്രീം കോടതി അറിയിച്ചു. വർഷങ്ങളായി ഡാം പൊട്ടുമെന്ന ഭീതിയിൽ ആളുകൾ ജീവിക്കുകയാണെന്നും താനും ഈ ആശങ്കയിൽ കേരളത്തിൽ ഒന്നര വർഷത്തോളം ജീവിച്ചതാണെന്നും ജസ്റ്റിസ് ഋഷികേശ് റോയ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



എറണാകുളം നഗരത്തിലെ പ്രമുഖ ആശുപത്രിയായ എറണാകുളം മെഡിക്കൽ സെന്ററിന്റെ 40ാം വാർഷികം കലൂർ ഐ.എം.എ ഹൗസിൽ കൊച്ചി ഐ.എം.എ പ്രസിഡന്റ് ഡോ.ജേക്കബ് എബ്രാഹം ഉദ്ഘാടനം ചെയ്യുന്നു. മെഡിക്കൽ സൂപ്രണ്ട് ഡോ. വി.പി.കുര്യെയ്പ്പ്, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സി.ജി.രഘു, മാനേജിംഗ് ഡയറക്ടർ ഡോ. ടി.വി.രവി, ഡയറക്ടർമാരായ ഡോ.ടി.വി.ഗീത, വിജയ രവി, ദീപ രഞ്ജിത്ത്, ചാന്ദിനി രവി അനു, മെഡിക്കൽ ഡയറക്ടർ ഡോ.അനു അശോകൻ എന്നിവർ സമീപം.

# എറണാകുളം മെഡിക്കൽ സെന്റർ 40-ാം വർഷികം ആഘോഷിച്ചു

**കൊച്ചി:** എറണാകുളം നഗരത്തിലെ പ്രമുഖ ആശുപത്രിയായ എറണാകുളം മെഡിക്കൽ സെന്റർ 40ാം വാർഷികം ആഘോഷിച്ചു. കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച വാർഷിക ആഘോഷ ചടങ്ങ് കൊച്ചി ഐ.എം.എ പ്രസിഡന്റ് ഡോ.ജേക്കബ് എബ്രാഹം ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. ടി.വി.രവി, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സി.ജി.രഘു, മെഡിക്കൽ ഡയറക്ടർ ഡോ.അനു അശോകൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. വി.പി.കുര്യെയ്പ്പ്, ഡയറക്ടർമാരായ ഡോ.ടി.വി.ഗീത, വിജയ രവി, ദീപ രഞ്ജിത്ത്, ചാന്ദിനി രവി അനു,ഡോ. വി.ഡി. പ്രദീപ് കുമാർ, ഡോ.ദീപക് എൻ.നായർ തുടങ്ങിയവർ പ്രസംഗിച്ചു. 40ാം വാർഷികാഘോഷത്തിന്റെ ഭാഗമായി നഗരത്തിലെ ഓട്ടോറിക്ഷ ഡ്രൈവർമാർക്കായി സൗജന്യ കേൾവി പരിശോധന പദ്ധതിക്കും തുടക്കം കുറിച്ചു.

ടി.എ.വേലുണ്ണി, സി.ഐ. ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ അഞ്ച് നിലകെട്ടിടത്തിൽ 50 കിടക്കകളുടെ സൗകര്യത്തോടെ ഡോക്ടർമാർ ഉൾപ്പെടെ 40 ജീവനക്കാരുമായി 1985 ജനുവരി 25 നാണ് പാലാരിവട്ടം ബൈപാസിൽ ഇ.എം.സി പ്രവർത്തനം ആരംഭിച്ചത്. ഇന്നിപ്പോൾ 6 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ 30 ൽപ്പരം ചികിത്സാ വിഭാഗങ്ങളും, എൻ.എ.ബി.എച്ച് ,നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ എന്നിവയുടെ അംഗീകാരവും കൂടാതെ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, അനസ്തേഷ്യോളജി എന്നീവിഭാഗങ്ങളുടെ ബിരുദാനന്തര ബിരുദ (ഡി.എൻ.ബി) കോഴ്സിന്റെ സെന്ററും കൂടിയാണ് ഇ.എം.സി.



# കൊച്ചി മാരത്തോൺ: റോഡ്ഷോ സംഘടിപ്പിച്ചു

**കൊച്ചി:** ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ മൂന്നാം പതിപ്പിന്റെ പ്രചരണാർത്ഥം റോഡ് ഷോ സംഘടിപ്പിച്ചു. കലൂർ ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിൽ നടന്ന റോഡ് ഷോ ഒളിമ്പ്യനും റേസ് ഡയറക്ടറുമായ ആനന്ദ് മെനെസസും ക്ലിയോസ്പോർട്സ് ഡയറക്ടർ അനീഷ് പോളും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.ടീം പിഎൻആർ, സ്റ്റേഡിയം റണ്ണേഴ്സ്, ലെമൺ ട്രീ ക്ലബ് എന്നിവയുൾപ്പെടെ പ്രമുഖ റണ്ണിംഗ് ക്ലബ്ബുകൾ റോഡ് ഷോയിൽ പങ്കെടുത്തു. റോഡ്ഷോയുടെ ഭാഗമായി കാണികൾക്കായി നടത്തിയ 'ഫ്രീ കിക്ക്' ചലഞ്ചിലെ വിജയിക്ക് ഒരു പ്രത്യേക മാരത്തൺ ജേഴ്സി സമ്മാനിച്ചു. മാരത്തോണിന്റെ ഭാഗമായി ഓട്ടക്കാർക്കായി സൗജന്യ പരിശീലന സെഷനുകൾ നടത്തുന്നുണ്ട്. രാജേന്ദ്ര മൈതാനത്ത് ഫെബ്രുവരി 6 വരെ ദിവസവും രാവിലെ 6:30 മുതൽ 7:30 വരെയായിരിക്കും പരിശീലന സെഷനുകൾ നടക്കുക. മുംബൈയിൽ നിന്നുള്ള വിദഗ്ധ പരിശീലകരുടെ ഒരു സംഘമാണ് ഈ സെഷനുകൾ നടത്തുന്നത്. ശാരീരിക ക്ഷമത, കരുത്ത്, കണ്ടീഷനിംഗ്, ഓട്ട രീതികൾ, വാംഅപ്പ് റുട്ടീനുകൾ എന്നിവയുൾപ്പെടെ മാരത്തോൺ തയ്യാറെടുപ്പിന് ആവശ്യമായ കാര്യങ്ങളിൽ ഊന്നിയുള്ളതാണ് പരിശീലനമെന്ന് ആനന്ദ് മെനെസസ് പറഞ്ഞു. മാരത്തോൺ ഓട്ടക്കാർക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സഹായിക്കുന്നതിന് ഘടനാപരമായ പരിശീലനം അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. മാരത്തോണിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ പരിശീലന സെഷനുകൾ പ്രയോജനപ്പെടുത്തണമെന്ന് അനീഷ് പോൾ പറഞ്ഞു. ഫെബ്രുവരി 9 ന് മറൈൻ ഡ്രൈവിലാണ് മാരത്തോൺ നടക്കുക. സുസ്ഥിരഭാവി ലക്ഷ്യമാക്കി സർക്കുലർ ഇക്കോണമിയുടെ പ്രോത്സാഹനം ലക്ഷ്യമിട്ടാണ് മാരത്തോണിന്റെ മൂന്നാം പതിപ്പ് സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും, www.kochimarathon.in സന്ദർശിക്കുക.

# അതിജീവനത്തിന് സുസ്ഥിര വികസനം ആവശ്യം: ലോക്നാഥ് ബെഹ്റ



**കൊച്ചി:** അതിജീവനത്തിന് സുസ്ഥിര വികസനം ആവശ്യമാണെന്ന് ലോക്നാഥ് ബെഹ്റ.ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു.

വാട്ടർ മെട്രോ കേരളത്തിൽ വിജയിച്ചതോടെ ഗുജറാത്ത് അടക്കമുള്ള 18 സംസ്ഥാനങ്ങളിൽ ഈ മോഡൽ നടപ്പാക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു.'കേരളത്തിലെ മെട്രോവാട്ടർ മെട്രോ ഗതാഗത സംവിധാനം സുസ്ഥിര ഗതാഗത സംവിധാനത്തിന് ഉദാഹരണമാണ്. കൊച്ചിയിലേക്ക് കൂടുതൽ സുസ്ഥിര സൗകര്യങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട എല്ലാ വികസനവും സുസ്ഥിരമാണ്. ക്ഷേമവും സുരക്ഷയും ആടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനമാണ് നാം ലക്ഷ്യം വെയ്ക്കേണ്ടത്.' ബെഹ്റ പറഞ്ഞു.

പരിസ്ഥിതി നാശം നടക്കുന്നത് ആഗോളതലത്തിലാണെങ്കിലും പ്രാദേശികമായി പ്രത്യാഘാതം ഉണ്ടാകുമെന്ന് ഇന്ത്യയുടെ ജോൺ ഭൗമ ശാസ്ത്ര മന്ത്രാലയത്തിലെ ശാസ്ത്രജ്ഞയായ ഡോ ശിഖ എലിസബത്ത് പറഞ്ഞു. ഉഷ്ണ തരംഗം, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങി നിരവധി പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് ഇന്ന് ലോകം അനുഭവിക്കുന്നത്. ഓരോ മഴക്കാലത്തും നാം പേടിയോടെയാണ് കഴിയുന്നത്. എന്നാൽ പത്ത് വർഷങ്ങൾക്കു മുൻപ് അങ്ങനെയായിരുന്നില്ലെന്നും അവർ പറഞ്ഞു.ചില കമ്പനികൾ കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യമാക്കി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും ആപ്പിൾ 2025ൽ കാർബൺ ന്യൂട്രൽ ആകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ജെയിൻ സർവ്വകലാശാലയുടെ ഉപദേശക സമിതി അംഗം ഡോ കൃഷ്ണൻ എൻവിഎച്ച് പറഞ്ഞു. അറിവിന്റെ ജനാധിപത്യവത്കരണം നടക്കേണ്ടതുണ്ട്. എഐ അടക്കമുള്ള സാങ്കേതികവിദ്യകൾ കാലാവസ്ഥാ പഠനത്തിന് ഉപയോഗിക്കണമെന്ന് ജെയിൻ സർവ്വകലാശാലയുടെ ഉപദേശക സമിതി അംഗം ശ്രീധരൻ മൂർത്തി പറഞ്ഞു.

# സർക്കാരുകൾ ജനങ്ങളുടെ ജിവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കണം: ഇന്റർ ചർച്ച കൗൺസിൽ

**കൊച്ചി :** സർക്കാരുകൾ ജനങ്ങളുടെ ജിവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കണമെന്ന് ഇന്റർ ചർച്ച കൗൺസിൽ യോഗം ആവശ്യപ്പെട്ടു.വന്യമൃഗങ്ങൾ വനത്തിന്റെ അതിർത്തിവിട്ട് ജനവാസമേഖലകളിലേക്ക് പ്രവേശിക്കാതിരിക്കാൻ ശക്തമായ നിലപാടുകളും ശാസ്ത്രീയമായ സംവിധാനങ്ങളും അടിയന്തിരമായി നടപ്പിലാക്കണം. ഇക്കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തേണ്ടതുമാണ്. ആദിവാസികളുടെയും, കുടിയേറിപാർത്തവരുടെയും, അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിലാകണം വന്യമൃഗസംരക്ഷണത്തിനുവേണ്ടിയുള്ള നിയമങ്ങൾ. മൃഗങ്ങളുടെ വംശവർദ്ധനവ് ശാസ്ത്രീയമായി നിയന്ത്രിക്കേണ്ടതാണെന്നും യോഗം ആവശ്യപ്പെട്ടു.യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അക്രമവാസനയും ആത്മഹത്യാപ്രവണതയും ആശങ്കാജനകമാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാട്, കുടുംബബന്ധങ്ങളിലെ ശിഥിലീകരണം; മാതാപിതാക്കന്മാരുടെയോ രക്ഷകർത്താക്കളുടെയോ നിയന്ത്രണമില്ലാതെ വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ മാത്രം കുട്ടികൾ വളരുന്ന സാഹചര്യം, മദ്യം, ലഹരി എന്നിവയുടെ ഉപയോഗം, ഇളം പ്രായത്തിലെ അപക്വമായ പ്രണയ ബന്ധങ്ങൾ, സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കപ്പെടുന്ന തെറ്റായ സന്ദേശങ്ങളും ദൃശ്യശ്രവ്യ ആവിഷ്ക്കാരങ്ങളും, കുട്ടികളുടെയും യുവജനങ്ങളുടെയും മനഃശക്തി ക്ഷയിപ്പിക്കുന്ന വിദ്യാഭ്യാസ മേഖലകളിലെ ന്യൂനതകൾ; സ്വഭാവ രൂപീകരണത്തിനു ഊന്നൽ നൽകാത്ത വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങിയവർ തിന്മകൾക്കു കാരണങ്ങളായി കൗൺസിൽ വിലയിരുത്തി.പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ സർക്കാരും മതങ്ങളുംസഭാസമുദായസാംസ്കാരിക സംഘടനകളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്ന് ഇന്റർ ചർച്ച കൗൺസിൽ ആവശ്യപ്പെട്ടു. പാലാരിവട്ടം പിഒസിയിൽ നടന്ന യോഗത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. വിവിധ സഭകളിൽനിന്നായി മാർ ഔഗേൻ കുരിയാക്കോസ്, കുരിയാക്കോസ് മോർ സേവേറിയോസ്, കുര്യാക്കോസ് മോർ തെയോഫിലോസ്, യൂഹാനാൻ മോർ പോളിക്കാർപ്പസ് എന്നീ മെത്രാപ്പോലീത്താമാരും, ഫാ. സ്റ്റീഫൻ കുളത്തുമാക്കിൽ, ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ, ഫാ. സൈമൺ ജോസഫ്, ഫാ. തോമസ് ഉറുമ്പിത്തടത്തിൽ തുടങ്ങിയവർ പങ്കെടുത്തു.

# സൈലന്റ് വാലി, കണ്ണൂർ, നെല്ലിയാമ്പതി ദീർഘദൂര യാത്രകളുമായി കെ.എസ്.ആർ.ടി.സി

**തിരുവനന്തപുരം:** സൈലന്റ് വാലി, കണ്ണൂർ, നെല്ലിയാമ്പതി, മൂന്നാർ, ദീർഘ ദൂര ഉല്ലാസ കേന്ദ്രങ്ങളും കപ്പൽ യാത്രകളും ഉൾപ്പെടുത്തി ഉല്ലാസയാത്രകളുമായി കെ.എസ്.ആർ.ടി.സി. ഫെബ്രുവരി ഒന്നിന് രാവിലെ 4.30 നു കന്യാകുമാരി യാത്രയോടെ ആരംഭിക്കുന്ന കലണ്ടറിൽ 25 യാത്രകൾ ഉൾപ്പെടും. ഫെബ്രുവരി 2ന് വാഗമൺ യാത്ര രാവിലെ അഞ്ചിന് ആരംഭിക്കും. 1020 രൂപയാണ് നിരക്ക്. എട്ടിന് കപ്പൽ യാത്ര,(4240) മൂന്നാർ,(2380) ഇല്ലിക്കൽകല്ല്(820)യാത്രകളും ഒമ്പതിന് ലോകത്തിലെ ഏറ്റവും വലിയ അഗ്രോ തീം പാർക്കായ മംഗോ മെഡോസ്, (1790), പൊന്മുടി ((770) യാത്രകളും ചാർട്ട് ചെയ്തിട്ടുണ്ട്. 12 നും 28 നും ഗവി യാത്രയും ഉണ്ടാകും. 1750 രൂപ ആണ് നിരക്ക്.

ഫെബ്രുവരി 12ന് രാത്രി 9 മണിക്ക് സൈലന്റ് വാലി യാത്ര ആരംഭിക്കും. സൈലന്റ് വാലി, കാഞ്ഞിരപ്പുഴ ഡാം എന്നിവ ആദ്യ ദിവസവും പാലക്കാട് കോട്ട,വരിക്കാശ്ശേരി മന,, ഭാരതപ്പുഴ,കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നിവിടങ്ങളിൽ രണ്ടാം ദിവസവും ആകും സന്ദർശിക്കുക. ഫെബ്രുവരി 15ന് വാഗമൺ, റോസ്മല യാത്രകളും 16 നു പാണിയേലിപ്പോര്, പത്തനംതിട്ട ക്ഷേത്രങ്ങൾ എന്നീ ട്രിപ്പുകളും ഉണ്ടായിരിക്കും. പമ്പാ ഗണപതി ക്ഷേത്രം, നിലയ്ക്കൽ, മലയാലപ്പുഴ, ശ്രീ വല്ലഭ ക്ഷേത്രം എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന യാത്രയ്ക്ക് 850 രൂപയാണ് നിരക്ക്. ഫെബ്രുവരി 19 ഗുരുവായൂർ തീർത്ഥാടനത്തിന് 1500 രൂപ ആണ് നിരക്ക്. പറവൂർ ദക്ഷിണ മൂകാംബിക, കൊടുങ്ങല്ലൂർ, തൃപ്രയാർ, മമ്മിയൂർ എന്നീ ക്ഷേത്രങ്ങളിൽ ഈ യാത്രയിൽ ഉൾപ്പെടും. ഫെബ്രുവരി 20 പാലക്കാട് നെല്ലിയാമ്പതി യാത്രയിൽ പാലക്കാട് കോട്ട, മലമ്പുഴ, തസ്രാക്ക്, കൊല്ലങ്കോട് ഗ്രാമം എന്നിവിടങ്ങൾ സന്ദർശിക്കും. ഫെബ്രുവരി 22 നും 23 നും മധ്യകേരളത്തിലെ ശിവ ക്ഷേത്രങ്ങൾ എന്ന ട്രിപ്പിൽ ആലുവ ശിവ ക്ഷേത്രം, വൈക്കം മഹാദേവ ക്ഷേത്രം, കടുത്തുരുത്തി ശിവ ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, തിരുനക്കര ശിവക്ഷേത്രം എന്നിവിടങ്ങൾ സന്ദർശിക്കും 820 രൂപ ആണ് നിരക്ക്. ഫെബ്രുവരി 24 നു തയ്യാറാക്കിയിരിട്ടുള്ള കണ്ണൂർ യാത്രയിൽ അറക്കൽ മ്യൂസിയം, പെറ്റ് സ്റ്റേഷൻ, സെന്റ് ആഞ്ചലോ ഫോർട്ട്, പയ്യാമ്പലം ബീച്ച്, പാലക്കയം തട്ട്, വയലപ്ര പാർക്ക്, പറശ്ശിനിക്കടവ് മുത്തപ്പ ക്ഷേത്രം എന്നിവ ഉൾപ്പെടും. അന്വേഷണങ്ങൾക്ക് : 9747969768, 9995554409.

# സംരംഭകത്വ വികസന പരിപാടി ആരംഭിച്ചു

**കോഴിക്കോട്:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല സംരംഭകത്വ വികസന പരിപാടി തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വളരെയധികം കാര്യങ്ങൾ നടപ്പാക്കി വരുന്നുണ്ടെന്ന് എംഎൽഎ ചൂണ്ടിക്കാട്ടി.

സംരംഭകരെ അവരുടെ സംരംഭങ്ങൾ വിജയകരമായി ആരംഭിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വിപുലീകരിക്കുന്നതിനും നിലനിർത്തു ന്നതിനും സജ്ജരാക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന 15 ദിവസത്തെ പരിപാടിയാണ് സംരംഭകത്വ വികസന പരിപാടി. ഫെബ്രുവരി 13 വരെയാണ് പരിശീലന പരിപാടി. സംരംഭകത്വത്തിന്റെ അടിസ്ഥാന നേട്ടങ്ങളും നിയമവശങ്ങളും പകർന്നു നൽകി അവയുടെ സുസ്ഥിരതയും ശാക്തീകരണവും ഉറപ്പുവരുത്തുക എന്നുള്ളതാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രഞ്ജിത് ബാബു അധ്യക്ഷനായി.

ജില്ലാ വ്യവസായ കേന്ദ്രം ഉപജില്ലാ വ്യവസായ ഓഫീസർ ശരത് പി ഡി, മാനേജർമാരായ ഗിരീഷ് ഐ, സലീന, ആനന്ദകുമാർ, നിതിൻ, എന്നിവർ സംസാരിച്ചു. പരിപാടിയിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ക്ലാസുകൾ നടത്തും.

## മീഡിയ അവാർഡിന് 31 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി പുസ്തകോത്സവം സംബന്ധിച്ച വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത മാധ്യമസ്ഥാപനങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ അവാർഡിന് അപേക്ഷിക്കാനുള്ള അവസാന തീയതി ജനുവരി 31 വരെ നീട്ടി. അപേക്ഷകൾ സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അപേക്ഷാ ഫോറവും മാർഗനിർദ്ദേശങ്ങളും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org ൽ ലഭ്യമാണ്.

## ഭവന പദ്ധതിയിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ ഭവനരഹിതരായ അംഗങ്ങൾക്കായി ഒരു ഭവന നിർമാണ പദ്ധതി സർക്കാർ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നു. അപേക്ഷാ ഫോമുകൾ ഫെബ്രുവരി ഒന്നു മുതൽ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകൾ വഴി വിതരണം ചെയ്യും. പൂരിപ്പിച്ച അപേക്ഷകൾ മതിയായ രേഖകൾക്കൊപ്പം മാർച്ച് 31 ന് മുമ്പായി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി അതത് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകളുമായി ബന്ധപ്പെടുക.



# വാഹനങ്ങളുടെ ഇന്ധനങ്ങൾ ഒരു കുടക്കീഴിലാക്കി കെ സി സി പി എൽ

**കണ്ണൂർ:** പാപ്പിനിശ്ശേരി കെസിസിപിഎൽ ഫ്യൂവൽസിൽ സിഎൻജി, ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചു. കെസിസിപിഎൽ ചെയർമാൻ ടി. വി രാജേഷ് സ്റ്റേഷനുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന സർക്കാർ സ്ഥാപനമായ കെസിസിപി ലിമിറ്റഡിന്റെ ആദ്യ പെട്രോൾ പമ്പായ പാപ്പിനിശ്ശേരിയിലെ കെസിസിപി ഫ്യൂൽസിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് പമ്പിനോട് ചേർന്ന് സിഎൻജി സ്റ്റേഷനും ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനും ആരംഭിച്ചത്. പെട്രോൾ, ഡീസൽ എന്നിവയെ അപേക്ഷിച്ച് വില കുറവുള്ളതും അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമാണ് സിഎൻജി. ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രിയം കൂടി വരുന്ന സാഹചര്യത്തിൽ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് കെ സി സി പി എൽ ലക്ഷ്യമിടുന്നത്. പരിപാടിയിൽ കെസിസിപിഎൽ മാനേജിങ് ഡയറക്ടർ ആനക്കൈ ബാലകൃഷ്ണൻ, ഡയറക്ടർമാരായ മാത്യൂസ് കോലഞ്ചേരി വർക്കി, മുഹമ്മദ് ഷബീർ, ബിപിസിഎൽ ടെറിറ്ററി മാനേജർ ജയദീപ് പൊടാർ, ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് ജോഗ്രഫിക്ക് ഏരിയ ഹെഡ് ജിതേഷ് രാധാകൃഷ്ണൻ, അസോസിയേറ്റ് മാനേജർ എച്ച്.സി മുഹമ്മദ് ജാബിർ, അസിസ്റ്റന്റ് മാനേജർ സച്ചിൻ സുരേഷ്, സീനിയർ എഞ്ചിനീയർമാർ (സിഎൻജി), ബി പി സി എൽ സെയിൽസ് മാനേജർ ജി മണികണ്ഠൻ, കെ നാരായണൻ, വിവിധ യൂണിയൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളിലെ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസിന്റെ ഇരുപതാമത്തെ സി എൻ ജി സ്റ്റേഷനാണ് പാപ്പിനിശ്ശേരിയിലേത്.






# കോഴിക്കോട് കോർപറേഷനിലെ 332 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു

**കോഴിക്കോട്:** ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിൽ പുതു മാതൃക തീർത്ത് ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ. സംസ്ഥാന സർക്കാരിന്റെ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് കോർപറേഷനിലെ 332 സർക്കാർ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. കണ്ടംകുളം ജൂബിലി ഹാളിൽ നടന്ന ചടങ്ങിൽ മേയർ ഡോ. ബീന ഫിലിപ്പാണ് പ്രഖ്യാപനം നടത്തിയത്.

ഹരിതകേരളം മിഷൻ തയ്യാറാക്കിയ ഗ്രേഡിങ് ഫോറം ഉപയോഗിച്ച് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലാണ് സ്ഥാപനങ്ങളെ വിലയിരുത്തിയത്. ജൈവ അജൈവ മാലിന്യ സംസ്കരണ സംവിധാനം, മാലിന്യ കൊട്ടകൾ സ്ഥാപിക്കൽ, ഹരിതചട്ടം പാലിച്ചു പരിപാടികൾ നടത്തൽ, സ്ഥിരമായി ഉപയോഗിക്കുന്ന പാത്രങ്ങൾ ഉപയോഗിക്കൽ, നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാതിരിക്കൽ, ദ്രവ മാലിന്യ സംസ്കരണ സംവിധാനം, ശുചിമുറി സൗകര്യവും അതിന്റെ വൃത്തിയും, പൊതു ശുചിത്വ നിലവാരം തുടങ്ങി 18 ഓളം മാനദണ്ഡങ്ങൾ പരിശോധിച്ചാണ് ഹരിത സ്ഥാപനങ്ങളെ കണ്ടെത്തിയത്.

ചടങ്ങിൽ കോർപറേഷൻ നികുതി അപ്പീൽകാര്യ സ്ഥിരം സമിതി അധ്യക്ഷൻ പി കെ നാസർ അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ ഡോ. എസ് ജയശ്രീ, ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ പി ടി പ്രസാദ്, ഹൽത്ത് ഓഫീസർ ഡോ. മുനവ്വർ റഹ്മാൻ, ക്ലീൻ സിറ്റി മാനേജർ കെ പ്രമോദ്, പ്രൊജക്റ്റ് സെൽ ഹെൽത്ത് ഇൻസ്പെക്ടർ പി എസ് ഡേയ്സൺ തുടങ്ങിയവർ സംസാരിച്ചു. ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച മുഴുവൻ സ്ഥാപനങ്ങൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

# അതിദരിദ്രർക്ക് പട്ടയ വിതരണം മാർച്ചിനകം പൂർത്തിയാക്കണം : റവന്യു മന്ത്രി

**തിരുവനന്തപുരം:** അതിദരിദ്രർക്ക് പട്ടയം വിതരണം നടപടികൾ അതിവേഗം പൂർത്തിയാക്കണമെന്ന് റവന്യൂ മന്ത്രി കെ രാജൻ റവന്യൂ ഉദ്യോഗസ്ഥരുടെ തെക്കൻ മേഖലാ യോഗത്തിൽ നിർദേശിച്ചു.

അതിദരിദ്രരായ മുഴുവൻ പേരെയും ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ 2025 നവംബർ ഒന്നിന് പൂർത്തീകരിക്കാനാണ് സർക്കാർ പദ്ധതിയിടുന്നത്. ഈ സാഹചര്യത്തിൽ അതി ദരിദ്രരിൽ ഭൂരഹിതരായ മുഴുവൻ പേർക്കും മാർച്ച് മാസത്തിനകം പട്ടയം നൽകണം. അയ്യായിരത്തോളം പേരാണ് അതിദരിദ്രരുടെ പട്ടികയിൽ പട്ടയം ലഭിക്കാനുള്ളതെന്നും മന്ത്രി പറഞ്ഞു.

അപേക്ഷ പരിഗണിക്കുമ്പോൾ ഭൂമിയുടെ ഇനം മാറ്റം ഒരു പ്രക്രിയയായി ഏറ്റെടുക്കണം. ചട്ടങ്ങളും നിയമവും സാധാരണക്കാർക്ക് അനുകൂലമായി വായിക്കാൻ ശ്രമിക്കണം. ഇതോടൊപ്പം ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന മുഴുവൻ കേസുകളും 2026 ജനുവരി ഒന്നിന് മുമ്പ് തീർപ്പാക്കണമെന്നും ലാൻഡ് അസൈൻമെന്റ് പ്രശ്നങ്ങൾ വേഗത്തിൽ പരിഹാരിക്കാൻ നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

31 ന് എറണാകുളത്ത് നടക്കുന്ന കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന മധ്യമേഖലാ യോഗവും ഫെബ്രുവരി മൂന്നിന് കോഴിക്കോട് നടക്കുന്ന തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വടക്കൻ മേഖലാ യോഗവും പൂർത്തിയായാൽ ജില്ലാ കളക്ടർമാർ വില്ലേജ് ഓഫീസർമാരെ വിളിച്ചു കൂട്ടി നടപടികൾ വിശദീകരിക്കാൻ മന്ത്രി നിർദ്ദേശിച്ചു.

ഭൂമി തരംമാറ്റം ചെയ്തു കൊടുക്കും എന്ന് ബോർഡും ബാനറും വച്ച് നിയമത്തെ വെല്ലുവിളിക്കുന്ന ഇടനിലക്കാർ ഇപ്പോഴും ഉണ്ട്. ഇത് അംഗീകരിക്കാനാവില്ല. കർശനമായ പരിശോധന നടത്തി ഇത്തരക്കാർക്കെതിരെ നടപടി എടുക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.പുറമ്പോക്ക്, വനഭൂമി പട്ടയങ്ങളുടെ വിതരണം, ഡിജിറ്റൽ റീ സർവെ പ്രകാരമുള്ള അധിക ഭൂമിയുടെ നികുതി സ്വീകരിക്കൽ, വില്ലേജ് ഓഫീസുകളുടെ ശാക്തീകരണം എന്നിവ സംബന്ധിച്ച വിഷയങ്ങളും യോഗം ചർച്ച ചെയ്തു.

റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ ഡോ. എ കൗശിഗൻ എന്നിവർ വകുപ്പിൽ അടിയന്തരമായി നടപ്പാക്കേണ്ട വിവിധ വിഷയങ്ങളെ കുറിച്ച് പൊതു വിവരണം നൽകി. വില്ലേജുകളുടെ പ്രവർത്തനം എല്ലാ മാസവും ചാർജ് ഓഫീസർമാർ വിലയിരുത്തണം. എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും വില്ലേജ്തല ജനകീയ സമിതികൾ ചേരുന്നുണ്ടോ എന്നും പരിശോധിക്കണം എന്ന് ലാൻഡ് റവന്യൂ കമ്മിഷണർ നിർദേശിച്ചു. ഡിജിറ്റൽ റീ സർവെ സംബന്ധിച്ച് സർവെ ഡയറക്ടർ സീറാം സാംബശിവ റാവു വിവരിച്ചു.തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എ. ഗീത, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ, എൽ.ആർ തഹസിൽദാർമാർ, സർവെ ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

# വിഴിഞ്ഞം തുറമുഖം രാജ്യത്തിന്റെ വ്യാപാര സാധ്യതകൾ വർധിപ്പിക്കും: ധനമന്ത്രി

**വിഴിഞ്ഞം:** തുറമുഖം രാജ്യത്തിന്റെ വ്യാപാര സാധ്യതകൾ വർധിപ്പിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. തുറമുഖം പൂർണതോതിൽ പ്രവർത്തിക്കുന്നതോടെ നിർണായക വ്യാപാര കവാടമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് നടന്ന വിഴിഞ്ഞം കോൺക്ളേവ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിഴിഞ്ഞത്തിലൂടെ കേരളത്തെ വ്യാപാരത്തിന്റേയും ഉത്പാദനത്തിന്റേയും ആഗോള ഹബ് ആക്കുകയാണ് ലക്ഷ്യം. ഭാവിയിൽ രാജ്യത്തെ തന്നെ ഏറ്റവും വലിയ തുറമുഖമായി വിഴിഞ്ഞം മാറും. ഇതിനായി സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും വരും ദിനങ്ങളിൽ ചെയ്യുന്ന കാര്യങ്ങൾ നിർണായകമാണ്. തെക്കേ ഏഷ്യയിലെ സവിശേഷമായ തുറമുഖമാണ് വിഴിഞ്ഞം. മറ്റു തുറമുഖങ്ങൾക്ക് അവകാശപ്പെടാൻ കഴിയാത്ത പ്രത്യേകതകൾ വിഴിഞ്ഞത്തിനുണ്ട്. വിഴിഞ്ഞത്തിലൂടെ രാജ്യത്തിന്റെ 50 ശതമാനം ട്രാൻഷിപ്പ്മെന്റ് പ്രവർത്തനങ്ങളും നടക്കും. നിലവിൽ ദുബായ്, കൊളംബോ തുടങ്ങിയ തുറമുഖങ്ങൾ വഴിയാണ് ഇത് നടക്കുന്നത്. കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളുമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്കുനീക്കം നടത്തുന്നതിനുള്ള നടപടികളുണ്ടാവും. അഴീക്കലിൽ പുതിയ തുറമുഖത്തിന്റെ പണി നടക്കുകയാണ്.

കിഫ്ബി സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, പുനലൂർ ഇൻഡസ്ട്രിയൽ ട്രയാംഗിൾ വികസിപ്പിക്കും. ഇതിന്റെ ഭാഗമായി വ്യത്യസ്ത വ്യവസായങ്ങൾ യാഥാർത്ഥ്യമാകുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തെക്കുറിച്ചുള്ള നെഗറ്റീവ് കാഴ്ചപ്പാട് തെറ്റാണെന്ന് സംസ്ഥാനത്തിന്റെ വിവിധ നേട്ടങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. കഴിഞ്ഞ മൂന്നു നാലു പതിറ്റാണ്ടായി കേരളത്തിൽ സമരത്തിന്റെ പേരിൽ വ്യവസായ കേന്ദ്രങ്ങൾ ഒന്നും ആക്രമിക്കപ്പെട്ടിട്ടില്ല. ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ നാം കൊച്ചു സംസ്ഥാനം എന്നാണ് വിശേഷിപ്പിക്കാറുള്ളത്. എന്നാൽ വിവിധ മേഖലകളിലെ നേട്ടങ്ങൾ പരിശോധിച്ചാൽ കേരളം വലിയ സംസ്ഥാനമാണെന്ന് വ്യക്തമാകും. രാജ്യത്ത് ഏറ്റവും അധികം പഞ്ചനക്ഷത്ര ഹോട്ടലുകൾ കേരളത്തിലാണുള്ളത്. വൻ നേട്ടങ്ങൾ കൊയ്ത വിവിധ വ്യവസായങ്ങളും കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി മന്ത്രി പറഞ്ഞു.

ശശി തരൂർ എം. പി, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, അദാനി പോർട്ട്സ് സി. ഇ. ഒ പ്രണവ് ചൗധരി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, തുറമുഖ പ്രിൻസിപ്പിൽ സെക്രട്ടറി കെ. എസ്. ശ്രീനിവാസ്, കെ. എസ്. ഐ. ഡി. സി എം. ഡി എസ്. ഹരികിഷോർ, വ്യവസായ വകുപ്പ് ഡയറക്ടർ മിർ മുഹമ്മദ് അലി, വിസിൽ എം. ഡി ദിവ്യ എസ്. അയ്യർ തുടങ്ങി വിവിധ ഉദ്യോഗസ്ഥരും വ്യവസായികളും ചടങ്ങിൽ സംബന്ധിച്ചു. കോൺക്ളേവ് 29ന് സമാപിക്കും.

# മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

**ആലപ്പുഴ:** പട്ടികവർഗ റസിഡൻഷ്യൽ എജുക്കേഷണൽ സൊസൈറ്റിക്ക് കീഴിൽ കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 202526 അധ്യയന വർഷത്തെ അഞ്ചാം ക്ലാസ് പ്രവേശനത്തിനും പട്ടികവർഗക്കാർക്ക് മാത്രമായി വയനാട് ജില്ലയിലെ പൂക്കോട്, ഇടുക്കിയിലെ പൈനാവ്, പാലക്കാട്ടെ അട്ടപ്പാടി എന്നിവിടങ്ങളിലെ ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി.ബി.എസ്.ഇ സിലബസിൽ ആറാം ക്ലാസ് പ്രവേശനത്തിനും അപേക്ഷ ക്ഷണിച്ചു. 202425 വർഷം നാലാം ക്ലാസിൽ പഠിക്കുന്നവരും കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരുമായ കുട്ടികൾക്ക് കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്കും നിലവിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഏകലവ്യ റസിഡൻഷ്യൽ സ്കൂളുകളിലേക്കും അപേക്ഷിക്കാം. പ്രാക്തന ഗോത്രവർഗക്കാരെ വാർഷിക വരുമാന പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷാ ഫോമുകൾ പുനലൂരിലെ ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും കുളത്തൂപ്പുഴ, ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും ലഭിക്കും.അവസാന തീയതി ഫെബ്രുവരി 20. ഫോൺ: 0475 2222353.

# ഷിപ്പിംഗ് കണ്ടെയ്നറുകളിലെ ഫിഷ് പ്രോസസിംഗ് & മാർക്കറ്റിംഗ് കിയോസ്ക് പദ്ധതി

**തിരുവനന്തപുരം:** ചാലിയം മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ഘടക പദ്ധതിയായ 'ഷിപ്പിംഗ് കണ്ടെയ്നറുകൾ ഉപയോഗിച്ച് ഫിഷ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കിയോസ്ക്' സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി മത്സ്യവിൽപ്പന കിയോസ്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇസ്കൂട്ടർ എന്നീ സംരംഭങ്ങൾക്കായി താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ചാലിയം മത്സ്യഗ്രാമത്തിൽ സ്ഥിരതാമസക്കാരായ വ്യക്തികൾ/ സ്വയംസഹായ ഗ്രൂപ്പുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷകർ 18 നും 60 ഇടയിൽ പ്രായമുള്ളവരായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഒരു കണ്ടെയ്നറും (9 ലക്ഷം രൂപ) ഒരു ഇലക്ട്രിക് സ്കൂട്ടറും (1.5 ലക്ഷം രൂപ) ഉൾപ്പെടെ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകും. അപേക്ഷകൾ ബേപ്പൂർ മത്സ്യഭവൻ ഓഫീസിൽ ഫെബ്രുവരി മൂന്ന് വരെ സ്വീകരിക്കും. ഫോൺ: 04952383780.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിങ്; ജില്ലയിൽ പരിഗണിച്ചത് 869 പരാതികൾ

**കൊല്ലം :** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണയവും സംബന്ധിച്ച പരാതികൾ പരിഹരിക്കാനായി ഡീലിമിറ്റേഷൻ കമീഷൻ ചെയർമാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമീഷണറുമായ എ. ഷാജഹാന്റെ നേതൃത്വത്തിൽ ജില്ലയിൽ ഹിയറിങ് നടത്തി. ജില്ലയിലെ 73 തദ്ദേശ സ്ഥാപനങ്ങളുടെ പരിധികളിൽനിന്ന് 869 പരാതികളാണ് ഉണ്ടായിരുന്നത്.

അതിർത്തി മാറ്റം സംബന്ധിച്ചായിരുന്നു പരാതികളേറെയും. വാർഡ് മാറ്റവും പേര് മാറ്റവും കാരണമുണ്ടാകുന്ന പ്രയാസങ്ങളും വോട്ടു ചെയ്യാൻ ഏറെ ദൂരം യാത്ര ചെയ്യേണ്ടി വരുന്നതുമെല്ലാം പരാതികളായെത്തി. വീടുകൾ പുതിയ വാർഡ് പരിധിയിൽനിന്ന് മാറ്റണമെന്നും പഴയതിൽ നിലനിർത്തണമെന്നുമെല്ലാം ആവശ്യമുണ്ടായി.

രാവിലെ ഒമ്പതിന് ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാളിൽ ആരംഭിച്ച ഹിയറിങ്ങിൽ നിശ്ചിത സമയപരിധിക്ക് മുമ്പ് ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ സമർപ്പിച്ചവർക്കാണ് പങ്കെടുക്കാൻ അവസരം ഉണ്ടായിരുന്നത്. ഓച്ചിറ, ശാസ്താംകോട്ട, വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്കുകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെയും കരുനാഗപ്പള്ളി, കൊട്ടാരക്കര നഗരസഭകളിലെയും 290 പരാതികളാണ് ആദ്യം പരിഗണിച്ചത്. തുടർന്ന് പത്തനാപുരം, അഞ്ചൽ, ചിറ്റുമല, ഇത്തിക്കര ബ്ലോക്കുകളിലെ പഞ്ചായത്തുകളിലെയും പരവൂർ നഗരസഭയിലെയും 286 പരാതികൾ പരിഗണിച്ചു.

ഉച്ചക്ക് ശേഷം ചവറ, മുഖത്തല, ചടയമംഗലം ബ്ലോക്കുകളിലെ പഞ്ചായത്തുകളിലെയും പുനലൂർ നഗരസഭയിലെയും കൊല്ലം കോർപറേഷനിലെയും 293 പരാതികളാണ് പരിഗണിച്ചത്. കൊല്ലം കോർപ്പറേഷൻ വാർഡ് വിഭജനം കമ്മിഷന്റെ ഫുൾ സിറ്റിംഗിനു ശേഷം വീണ്ടും പരിഗണിക്കുമെന്ന് ചെയർമാൻ അറിയിച്ചു.

നേരിട്ടെത്തിയ മുഴുവൻ പേരുടെയും പരാതികൾ കേട്ടതായും അവ തീർപ്പാക്കുമെന്നും കമീഷൻ ചെയർമാൻ അറിയിച്ചു. കമീഷൻ സെക്രട്ടറിയും എൽ.എസ്.ജി.ഡി ജോയന്റ് ഡയറക്ടറുമായ എസ്. ജോസ്നമോൾ, ഡെപ്യൂട്ടി ഡയറക്ടർ പ്രശാന്ത് കുമാർ, ജില്ലാ കളക്ടർ എൻ. ദേവിദാസ്, സബ് കളക്ടർ നിഷാന്ത് സിൻഹാര, തെരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ ജയശ്രീ, എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ ബിനുൻ വാഹിദ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കോഴിക്കോട് ജില്ലയിൽ പരാതിരഹിത സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

**കോഴിക്കോട്:** 20242025 അധ്യയന വർഷം കോഴിക്കോട് ജില്ലയിലെ സ്കൂളുകളിൽ മികച്ച രീതിയിലാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയത് എന്ന് എഡിഎമ്മിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല ഉച്ചഭക്ഷണ കമ്മിറ്റി അവലോകന യോഗം വിലയിരുത്തി. പരാതിരഹിതമായാണ് എല്ലായിടത്തും പദ്ധതി പൂർത്തിയാകുന്നത്.



ജില്ലയിൽ മൂന്ന് വിദ്യാഭ്യാസ ജില്ലകളിൽ ഉൾപ്പെട്ട 17 ഉപജില്ലകളിലായി 1215 സ്കൂളുകളിലാണ് തൃപ്തികരമായ രീതിയിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയത്.

ഇത്രയും സ്കൂളുകളിൽ 1383 പാചക തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവർക്ക് പാചകകൂലി ഇനത്തിൽ ഒക്ടോബർ വരെ മുഴുവൻ തുകയും നവംബർ മാസത്തെ സംസ്ഥാന വിഹിതവും നൽകി. ഇതിനു പുറമേ 1300 രൂപ വീതം ഓണം ബോണസും അനുവദിച്ചു. ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്ന 18 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് ഡിസംബർ വരെയുള്ള വേതനവും ഓണം ബോണസ് തുകയും നൽകി. സ്കൂളുകൾക്ക് നവംബർ വരെയുള്ള തുക പാചകചിലവ് ഇനത്തിൽ നൽകി.

ഉച്ചഭക്ഷണത്തിന്റെ കൂടെ സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി മാസത്തിൽ 8 തവണ പാലും 4 തവണ മുട്ടയും കുട്ടികൾക്ക് നൽകി വരുന്നു. ഈ ഇനത്തിൽ നവംബർ വരെയുള്ള തുക സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ട്.

ജില്ലാ ഭക്ഷ്യസുരക്ഷ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുത്ത 30 പാചക തൊഴിലാളികൾക്ക് കഴിഞ്ഞ മേയിൽ പരിശീലനം നൽകി. ഈ മാസ്റ്റർ ട്രെയിനർമാർ അവരുടെ ഉപജില്ലകളിലെ മുഴുവൻ പാചക തൊഴിലാളികൾക്കും പരിശീലനം നൽകി.

അധ്യയന വർഷം തുടങ്ങുന്നതിനു മുമ്പ് നടത്തുന്ന സ്കൂളുകളിലെ കുടിവെള്ള പരിശോധന ജില്ലയിൽ 100% മാണ്.

സ്കൂളുകളിലെ പാചക തൊഴിലാളികൾക്കായി സംഘടിപ്പിച്ച പാചക മത്സരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനം നേടിയ, തോടന്നൂർ ഉപജില്ലയിലെ വള്ളിയാട് ഈസ്റ്റ് എൽ പി സ്കൂളിലെ പാചക തൊഴിലാളി പി ശോഭയെ ഉച്ചഭക്ഷണ കമ്മിറ്റി യോഗം അനുമോദിച്ചു. 25 വർഷമായി സ്കൂളിലെ പാചക തൊഴിലാളിയായി ജോലി ചെയ്യുന്ന ശോഭയ്ക്കുള്ള ഉപഹാരം എഡിഎം സി മുഹമ്മദ് റഫീക്ക് കൈമാറി. യോഗത്തിൽ ഡിഡിഇ സി മനോജ് കുമാർ, സ്കൂൾ പ്രധാന അധ്യാപകർ, മുൻ ഡിഡിഇ വി പി മിനി,സപ്ലൈകോ, ആരോഗ്യം, വനിത ശിശു സംരക്ഷണം എന്നീ വകുപ്പുകളിലെയും കോഴിക്കോട് കോർപ്പറേഷനിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു.

# മംഗല്യ സമുന്നതിയിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരളത്തിലെ മുന്നാക്ക സമുദയങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും 2024 ജനുവരി 1 നു ഡിസംബർ 31 നുമിടയിൽ വിവാഹിതരായ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന മംഗല്യ സമുന്നതി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള മുൻഗണനേതര എഎവൈ, മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷിക്കാം. ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവരിൽ അർഹരായവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി ധനസഹായം അനുവദിക്കും. അപേക്ഷകൾ ഫെബ്രുവരി 12 നകം സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് : www.kswcfc.org.

# കാവൽ പ്ലസ് പദ്ധതി കാസർകോട് ജില്ലയിൽ സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

**കാസർകോട്:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ മിഷൻ വാത്സല്യ പദ്ധതിസ്റ്റേറ്റ് നിർഭയ സെൽ എന്നിവയുടെ ഏകോപനത്തോടു കൂടി നടപ്പിലാക്കി വരുന്ന കാവൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനായി കാസർകോട് ജില്ലയിൽ സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗീകാതിക്രമം അതിജീവിച്ച കുട്ടികളുടെയും സമഗ്രമായ പരിരക്ഷയും സംരക്ഷണവും പുനരധിവാസവുമാണ് കാവൽ പ്ലസ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ലൈംഗീകാതിക്രമം അതിജീവിച്ച കുട്ടികളുടെയും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും സ്ഥാപനവൽക്കരണം കുറച്ച് അവരെ വീടുകളിൽ തന്നെ സാമൂഹികാധിഷ്ഠിത പുനരധിവാസത്തിനുമുള്ള പദ്ധതിയാണിത്. നിലവിൽ ജില്ലയിൽ ഒരു സന്നദ്ധ സംഘടനയെയാണ് തെരഞ്ഞെടുക്കുന്നത്.

1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ റെജിസ്ട്രേഷൻ ആക്ട്,1860 ലെ സൊസൈറ്റീസ് ആക്ട്, 1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കാൻ സന്നദ്ധയുള്ള സംഘടനയായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ പശ്ചാത്തലമുള്ള സംഘടനകൾ അപേക്ഷിക്കുവാൻ പാടില്ല. പദ്ധതി ഏറ്റെടുത്ത് നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്കണം. നിയമ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരിക്കണം. അപേക്ഷിക്കുന്ന സന്നദ്ധ സംഘടന സ്ഥാപനത്തിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്, ഭരണ റിപ്പോർട്ട് എന്നിവ സഹിതം 2025 ഫെബ്രുവരി അഞ്ചിനകം ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ഡി ബ്ലോക്ക്, രണ്ടാം നില, സിവിൽ സ്റ്റേഷൻ,വിദ്യാനഗർ പിഒ,കാസർകോട് ,ഫോൺ 04994 256 990 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

# അപേക്ഷ ക്ഷണിച്ചു

**കാസർകോട്:** ഗവ. ഐ.ടി.ഐ യിൽ എൻ.സി.വി.റ്റി അംഗീകൃത ട്രേഡുകളിൽ 201920 സെഷനിൽ പ്രവേശനം നേടിയ രണ്ട് വർഷ ട്രേഡുകളിലെ രണ്ടാം വർഷ ട്രെയിനികളിൽ നിന്നും 2020 മുതൽ 2023 വരെയുള്ള കാലയളവിൽ പ്രവേശനം നേടിയ ഒരു വർഷ, ഒന്നാം വർഷ, രണ്ടു വർഷ, ആറുമാസ ട്രേഡുകളിലും റഗുലർ പരീക്ഷ എഴുതി പരാജയപ്പെട്ട (പ്രൈവറ്റ് ട്രെയിനികൾ ഉൾപ്പെടെ) ട്രെയിനികളിൽ നിന്നും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2025 സപ്ലിമെന്ററി പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി അഞ്ചിന് വൈകുന്നേരം അഞ്ചിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കണം. ഫോൺ 04994 256440, 9633048146.

# എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ലാബ് പരിശോധനാ ഫലങ്ങൾ ഇനി ഡിജിറ്റൽ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി യിൽ ചികിത്സ തേടുന്ന രോഗികളുടെ ലാബ് പരിശോധനാ ഫലങ്ങൾ ഇനി ഡിജിറ്റൽ രൂപത്തിൽ. ഇഹെൽത്ത് പദ്ധതി മുഖേനയാണ് പരിശോധനാ ഫലങ്ങൾ ഡിജിറ്റലൈസ് ചെയ്തിരിക്കുന്നതെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. എം. ഗണേഷ് മോഹൻ അറിയിച്ചു.

ഇപ്രകാരം ചെയ്യുന്നത് വഴി രോഗികളുടെ പരിശോധനാ ഫലങ്ങളുടെ റിപ്പോർട്ടുകൾ ഡോക്ടർമാരുടെ സമീപത്തെ കംപ്യൂട്ടറുകളിൽ കാലതാമസം കൂടാതെ ലഭ്യമാകും. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ആർദ്രം പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇഹെൽത്ത് പദ്ധതി 2023 സെപ്റ്റംബറിൽ ആരംഭിച്ചുവെങ്കിലും ആദ്യ ഘട്ടത്തിൽ രജിസ്ട്രേഷൻ മാത്രമാണ് ഇഹെൽത്തിൽ നടപ്പിലാക്കിയത്.

രണ്ടാം ഘട്ടത്തിൽ ഒ.പി കൺസൾട്ടേഷൻ, അഡ്വാൻസ് ബുക്കിംഗ്, ഓൺലൈൻ അപ്പോയ്മെന്റ്, ഒ.പി ബില്ലിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. കൂടാതെ ഒ.പികളിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതോടുകൂടി രോഗികൾ അധിക സമയം ക്യൂവിൽ നിൽക്കുന്നത് ലഘൂകരിക്കാൻ സാധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ (ഡി.എച്ച്.എസ്) ഫണ്ട് ഉപയോഗിച്ചാണ് ഒ.പിയിലേക്കാവശ്യമായ ഹാർഡ് വെയർ സജ്ജീകരിച്ചത്.





# ജലമലിനീകരണത്തിനെതിരെ പ്രകൃതിസൗഹൃദ ഗവേഷണ പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** ശാസ്ത്രീയവും ജനകീയവുമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തുനിൽക്കുന്ന സംരംഭങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു എസ്. കുറുപ്പ് അഭിപ്രായപ്പെട്ടു. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പ്രാദേശികതലത്തിലുള്ള പ്രകൃതി സൗഹൃദ സൂക്ഷ്മ പദ്ധതികളിലൂടെ ചെറുക്കുന്നതിനുള്ള ഗവേഷണ പദ്ധതിക്ക് തൃക്കാക്കരയിൽ തുടക്കം കുറിച്ചു കൊണ്ടുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൃക്കാക്കര നഗരസഭയുടെ ആഭിമുഖ്യത്തിൽ നഗരസഭയിലെ ഇരുപതാം വാർഡ് കാളച്ചാൽ ബണ്ട് ഭാഗത്ത് നബാർഡിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയാണ് പദ്ധതി നടപ്പാക്കുന്നത്. തൃക്കാക്കര ലിറ്റിൽ ഫ്ലവർ ചർച്ച് ഹാളിൽ ചേർന്ന യോഗത്തിൽ നഗരസഭാധ്യക്ഷ രാധാമണി പിള്ള അധ്യക്ഷത വഹിച്ചു. ജലത്തിന്റെ വിവേകപൂർണമായ വിനിയോഗം പരിശീലിക്കുന്നതിനൊപ്പം മലിനജല സ്രോതസുകൾ ശുചീകരിക്കുന്നതിനുമുള്ള നടപടികൾ ആവശ്യമാണെന്ന് അവർ പറഞ്ഞു. പദ്ധതിക്ക് സാങ്കേതിക സഹകരണം നൽകുന്ന ടു ഡിഗ്രി ക്ലൈമറ്റ് ചേഞ്ച് മാനേജിംഗ് ഡയറക്ടർ ഡോ. സഞ്ജു തോമസ് പദ്ധതി വിശദീകരണം നടത്തി. സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, ജലസേചന വകുപ്പ് അസി. എഞ്ചിനീയർ പി.എം. സീന, ശുചിത്വമിഷൻ അസി.കോർഡിനേറ്റർ ഇന്ദു , തൃക്കാക്കര നഗരസഭാ വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ സ്മിത സണ്ണി, നഗരസഭാ കൗൺസിലർമാരായ ഉണ്ണി കാക്കനാട്, ഷിമി മുരളി, സി.സി. വിജു, നബാർഡ് ജില്ലാ ഡവലപ്മെന്റ് മാനേജർ അജീഷ് ബാലു, സഹൃദയ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി എന്നിവർ പ്രസംഗിച്ചു.

# കൊച്ചി ഫിലിം ഫെസ്റ്റിവൽ: ദി ഷോ മികച്ച ഹ്രസ്വ ചിത്രം

**കൊച്ചി:**എൻ എഫ് ആർ ഇന്റർനാഷണൽ കൊച്ചി ഫിലിം ഫെസ്റ്റിവലിൽ ദി ഷോ ഏറ്റവും നല്ല ഹ്രസ്വ ചിത്രത്തിനുള്ള ഒരു ലക്ഷം രൂപയും ഫലകവും,പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് നേടി. മികച്ച ഡോക്യുമെന്ററിയായി സാരി ആന്റ് സ്ക്രബ് തിരഞ്ഞെടുക്കപ്പെട്ടു. മികച്ച രണ്ടാമത്തെ ഹ്രസ്വ ചിത്രം അൽവിഡ , ഡോക്യുമെന്ററി മേൽവിലാസം ഒരു വിശുദ്ധ താരാട്ട് എന്ന ചിത്രത്തിൻറെ സംവിധായകൻ വിനീഷ് വാസു മികച്ച സംവിധായകൻ. അൽവിഡ”യിലെ എസ് മൃദുൽ മികച്ച ചായാഗ്രഹണത്തിനുള്ള അവാർഡ് നേടി. ചിത്രസംയോജനത്തിനുള്ള അവാർഡ് 'ദി സ്പ്ളിറ്റ്' എന്ന ചിത്രത്തിന്റെ ബോബി നിക്കോളാസും സാരി ആന്റ് സ്ക്രബിന്റെ അലൻ ഇഷാനും പങ്കിട്ടു.'ജീവി' എന്ന ചിത്രത്തിലെ ധനുഷ് നയനാർക്കു മികച്ച ശബ്ദ രൂപകകൽപ്പകനുള്ള അവാർഡ് ലഭിച്ചു. 'അൽവിഡ' എന്ന ചിത്രത്തിലെ അഭിനയത്തിന് പുഷ്പ്പ പന്ത് ഏറ്റവും നല്ല നടിക്കുള്ള പുരസ്ക്കാരം നേടി. മികച്ച പുതുമുഖ സംവിധായകൻ ഹരിപ്രസാദ് കെ എൻ (മേൽവിലാസം). ഓർസൺ മോചിസുകിനടനുള്ള പ്രതേക പരാമർശനത്തിന് അനർഹനായി.വിസ്പേഴ്സ് ഓഫ് ദി



ലോസ്റ്റ്,ഗോൾഡൺ ലൗ;ദി സ്പ്ലിറ്റ്, ജീവി തുടങ്ങിയ ചിത്രങ്ങൾ പ്രത്യേക ജൂറി പരാമർശത്തിന് അർഹമായി. നിയോ ഫിലിം സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച, എൻ എഫ് ആർ കൊച്ചിഫെസ്റ്റിവൽ സമ്മിറ്റ് 24, 25, 26 തിയതികളിലായി കൊച്ചി നഗരത്തിൻറെ വിവിധ ഇടങ്ങളിലായിരുന്നു നടന്നത്.വെട്രിമാരൻ ജൂറി ചെയർമാനായ കമ്മിറ്റി തിരഞ്ഞെടുത്ത അവസാന റൗണ്ടിലെത്തിയ 10 ഹ്രസ്വ ചിത്രങ്ങൾ ശ്രീധർ തിയേറ്റർൽ പ്രദർശിപ്പിച്ചു. ചിത്രങ്ങളുടെ സംവിധായകർ, സാങ്കേതിക വിദഗ്ദ്ധർ ന്നിവർ സന്നിഹിതരായിരുന്നു. താജ് വിവാന്തയിൽ സംഘടിപ്പിച്ച കോൺക്ലേവിൽ വിവിധ വിഷയങ്ങളിലെ പ്രമുഖർ പങ്ങെടുത്തു. അവാർഡ് ദാന ചടങ്ങിൽ വെട്രിമാരൻ, മഞ്ജു വാരിയർ എന്നിവർ മുഖ്യ അതിഥികളായി. ഹ്രസ്വ ചിത്രങ്ങൾ കണ്ടപ്പോൾ ഇനിയും ശ്രദ്ധയോടെ സിനിമകൾ ചെയ്യാൻ തന്നെ പ്രേരിപ്പിക്കുന്നതായി വെട്രി മാരനും പുതിയ തലമുറക്കായുള്ള ഇത്തരം ഫിലിം ഫെസ്റ്റുകൾ പോലുള്ള മുന്നേറ്റങ്ങൾ ഏറെ പ്രശംസനീയമെന്ന് മഞ്ജു വാര്യരും ചടങ്ങിൽ അഭിപ്രായപ്പെട്ടു. സിബി മലയിൽ, ഡോ.ജെയിൻ ജോസഫ്, ലിയോ തദ്ദേവൂസ്, സിജോയ് വർഗീസ്, എ വി അനൂപ് ,ചന്ദ്രഹാസൻ തുടങ്ങിവർ സന്നിഹിതരായിരുന്നു.

# ഉത്തേജക മരുന്നുകൾ കണ്ടെത്താൻ പ്രത്യേക പരിശോധന

**തിരുവനന്തപുരം:** അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 50 ജിമ്മുകളിൽ പരിശോധന നടത്തുകയും ഏകദേശം ഒന്നര ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുക്കുകയും ചെയ്തു. ശരീര സൗന്ദര്യ മത്സരങ്ങളുടെ ഭാഗമായി ഡിസംബർ മാസത്തിൽ ജിമ്മുകൾ കേന്ദ്രീകരിച്ച് ഉത്തേജക മരുന്നുകൾ അനധികൃതമായി ഉപഭോക്താക്കൾക്ക് നൽകി വരുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇത്തരത്തിൽ ഒരു പരിശോധന നടത്തിയത്. ഈ ജിമ്മുകൾക്കെതിരെ കേസെടുത്ത് കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നതായും മന്ത്രി പറഞ്ഞു.

ജിമ്മുകളിൽ നിന്നും പിടിച്ചെടുത്ത മരുന്നുകളിൽ പല രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകളും ഉൾപ്പെടും. തൃശൂരിലെ ഒരു ജിം ട്രെയിനറുടെ വീട്ടിൽ നിന്ന് വൻതോതിലുള്ള മരുന്ന് ശേഖരം വകുപ്പിലെ ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. പിടിച്ചെടുത്ത മരുന്നുകൾ എല്ലാം തന്നെ സ്റ്റിറോയ്ഡുകൾ അടങ്ങിയവയാണ്. ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രം കഴിക്കേണ്ട മരുന്നുകളാണ് ഇവ. ഇത്തരം മരുന്നുകൾ അംഗീകൃത ഫാർമസികൾക്ക് മാത്രമേ വിൽക്കാൻ അധികാരമുള്ളൂ. ഇത്തരത്തിലുള്ള മരുന്നുകളുടെ ഉപയോഗം കൊണ്ട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

ജിമ്മുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ ശക്തമാക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. മന്ത്രിയുടെ നിർദേശ പ്രകാരം യുവജനങ്ങളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ ദൂഷ്യഫലങ്ങളെ പ്പറ്റി ബോധവത്ക്കരണം നൽകാനായി അവബോധ ക്ലാസുകൾ നടത്താനും വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്.

# ഭിന്നശേഷി ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ഭിന്നശേഷിക്കാർക്കായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് പുറത്തിറക്കിയ രണ്ട് ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ മന്ത്രി ആർ ബിന്ദു പ്രകാശനം ചെയ്തു. ഭിന്നശേഷി അവകാശ നിയമത്തിലെ പ്രസക്ത വകുപ്പുകൾ അടിസ്ഥാനമാക്കിയാണ് ചിത്രങ്ങൾ തയാറാക്കിയത്. ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അവർക്കായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പൊതുസമൂഹത്തിലെത്തിക്കുവാൻ ഹ്രസ്വചിത്രങ്ങൾ പ്രയോജനപ്പെടുമെന്ന് മന്ത്രി പറഞ്ഞു. 3 മിനിട്ട് ദൈർഘ്യമുള്ള രണ്ട് ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സിയാണ്.

ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 19 പ്രകാരം ഭിന്നശേഷിക്കാർക്ക് സൗജന്യമായി സ്വയം തൊഴിൽ പരിശീലനം, കുറഞ്ഞ നിരക്കിൽ സ്വയം തൊഴിൽവായ്പ ലഭ്യമാക്കൽ, സെക്ഷൻ 37 പ്രകാരം സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളിൽ ഭിന്നശേഷിക്കാർക്കുള്ള അഞ്ച് ശതമാനം സംവരണം എന്നിവയാണ് ഹ്രസ്വചിത്രങ്ങളുടെ പ്രമേയം.

സിനിമ തിയേറ്ററുകളിലും സാമൂഹ്യനീതി വകുപ്പിന്റെ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള സർക്കാർ പരിപാടികളിലും ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കും.

# കിക്മ മാനേജ്മെന്റ് ഫെസ്റ്റ്

**തിരുവനന്തപുരം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ 'അവനീർ 2സ25' എന്ന പേരിൽ ദേശീയ മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ജനുവരി 31ന് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയകോട് എൻ കൃഷ്ണൻ നായർ മാനേജ്മെന്റ് ഫസ്റ്റിന്റെ ഉദ്ഘാടനം നിർവഹിക്കും. ടെക്നോപാർക്കിലെ ടാറ്റ് എൽക്സി കമ്പനിയുടെ ഹെഡ് ആൻഡ് ഡയറക്ടർ വി. ശ്രീകുമാർ മുഖ്യാതിഥി ആകും. മത്സര വിജയികൾക്ക് സഹകരണ സംഘം രജിസ്ട്രാർ ഡോ. സജിത്ത് ബാബു ഐ.എ.എസ് സമ്മാനദാനം നിർവഹിക്കും.

കിക്മ ക്യാമ്പസിൽ നടത്തുന്ന മാനേജ്മെന്റ് ഫെസ്റ്റിൽ വിദ്യാർത്ഥികളുടെ പഠന നൈപുണ്യ മികവുകൾ ദേശീയതലത്തിൽ മാറ്റുരയ്ക്കപ്പെടും. കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ 27 ലധികം കോളേജുകളിൽ നിന്നുമായി 350 തിൽപ്പരം വിദ്യാർത്ഥികൾ പങ്കെടുക്കും.

മാനേജ്മെന്റ്, മാനേജ്മെന്റ് ഇതരമേഖലകളിലായി ബിസിനസ് ക്വിസ്, ബെസ്റ്റ് മാനേജ്മെന്റ് ടീം, ബെസ്റ്റ് മാനേജർ, മാർക്കറ്റിംഗ് ഗെയിം, ഫിനാൻസിംഗ് ഗെയിം, ട്രെഷർ ഹണ്ട്, സ്പോർട് ഡാൻസ് കോമ്പറ്റീഷൻ, സ്പോർട് ഫോട്ടോഗ്രഫി മത്സരങ്ങൾ നടക്കും.

ഇൻഡസ്ട്രിയൽ, അക്കാദമിക് മേഖലയിലെ വിദഗ്ധർ ഇവന്റുകൾ വിലയിരുത്തും. ഒരു ലക്ഷം രൂപയ്ക്കുള്ള സമ്മാനത്തുകയും പുരസ്കാരങ്ങളും ലഭിക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. മാനേജ്മെന്റ് വിദ്യാർഥികൾക്ക് പുറമെ എൻജിനിയറിങ്, ആർട്സ്, ബിരുദ വിദ്യാർഥികൾക്കും തിരഞ്ഞെടുക്കപ്പെട്ട മത്സരങ്ങളിൽ പങ്കെടുക്കാം.

# മൂലധന നേട്ട നികുതി നിയമങ്ങളിലെ മാറ്റം: കേന്ദ്ര ധനമന്ത്രിക്ക് നിവേദനം നൽകി ഇൻമെക്

**കൊച്ചി:** നോൺ റസിഡന്റ് ഇന്ത്യക്കാർക്കും (എൻ ആർ ഐ) ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യയ്ക്കും (ഒ സി ഐ) മൂലധന നേട്ട നികുതി നിയമങ്ങളിൽ അടുത്തിടെ വരുത്തിയ മാറ്റങ്ങളെക്കുറിച്ചുള്ള ആശങ്കകൾ പ്രകടമാക്കി ഇന്തോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്) കേന്ദ്ര ധനമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. 2024 ജൂലൈ 23ന് മുമ്പ് സ്വന്തമാക്കിയ സ്ഥാവര വസ്തുക്കൾക്ക് എൻ ആർ ഐകൾക്കും ഒ സി ഐകൾക്കും നിലവിൽ 20 ശതമാനം നികുതി ഇൻഡെക്സേഷനോടുകൂടിയ ഓപ്ഷൻ വിപുലീകരിച്ച് നികുതി പരിഗണനയിൽ തുല്യത ഉറപ്പാക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ എൻ ആർ ഐകളും ഒ സി ഐകളും വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും ഇ്ൻമെക് നിവേദനത്തിൽ വ്യക്തമാക്കി.ഒരേ വിഷയത്തിൽ, രാജ്യത്തെ സമ്പത്തിൽ വൻ സംഭാവനകൾ നൽകുകയും വിദേശനാണ്യ ശേഖരത്തെ സഹായിക്കുകയും ചെയ്യുന്ന പ്രവാസി സമൂഹത്തെയും നാട്ടുകാരെയും വേർതിരിച്ചു രണ്ടു തലത്തിൽ നികുതി ഈടാക്കുന്ന നിർദേശം പിൻവലിക്കണമെന്ന് ഇൻമെക്ക് ചെയർമാൻ ഡോ. എൻ എം ഷറഫുദ്ദീൻ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ നിക്ഷേപത്തിൽ വർധനവ്

**കൊച്ചി :** ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ഈ പാദവർഷത്തിലെയും 2024 ഡിസംബർ 31ന് അവസാനിച്ച ഒമ്പത് മാസത്തെയും ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഉപഭോക്തൃ നിക്ഷേപം കഴിഞ്ഞ വർഷത്തേതിൽ നിന്ന് 28.8% വർദ്ധിച്ചു. 2023 ഡിസംബർ 31ന് 1,76,481 കോടി രൂപയായിരുന്നത്, 2024 ഡിസംബർ 31ൽ 2,27,316 കോടി രൂപയായി. കഴിഞ്ഞ പാദത്തിൽ ബാങ്ക് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്തത് 3.2 ദശലക്ഷം ആയി അടയാളപ്പെടുത്തുന്നു. യൂണിവേഴ്സൽ ബാങ്കിംഗിന്റെ ഭാഗമായി നിർമ്മിക്കപ്പെടുന്ന മറ്റെല്ലാ ബിസിനസുകളും, നിക്ഷേപങ്ങൾ, വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ, സമ്പത്ത്, ക്യാഷ് മാനേജ്മെന്റ്, കോർപ്പറേറ്റ് ബാങ്കിംഗ്, ഫാസ്റ്റ് ടാഗ്, സ്വർണ്ണ വായ്പകൾ എന്നിവയുൾപ്പെടെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്ന് വി. വൈദ്യനാഥൻ, ബാങ്ക് മാനേജിംഗ് ഡയറക്ടർ & സിഇ അഭിപ്രായപെട്ടു

# സിഎസ്ബി ബാങ്കിന് 152 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** സിഎസ്ബി ബാങ്ക് നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ 152 കോടി രൂപയുടെ അറ്റാദായം നേടി. മുൻവർഷം ഇതേ കാലയളവിൽ 150 കോടിയായിരുന്നു. മൊത്തം നിക്ഷേപം 22 ശതമാനം വർധിച്ച് 27,345 കോടി രൂപയിൽ നിന്ന് 33,407 കോടി രൂപയായി. പ്രവർത്തന ലാഭം 13 ശതമാനം വർധിച്ച് 221 കോടി രൂപയായി. മുൻവർഷം സമാനപാദത്തിൽ ഇത് 196 കോടി രൂപയായിരുന്നു. മൊത്തം വായ്പ 26 ശതമാനം വർധിച്ച് 28,639 കോടി രൂപയിലെത്തി. മുൻവർഷം ഇതേകാലയളവിൽ ഇത് 22,658 കോടി രൂപയായിരുന്നു.സ്വർണ വായ്പ 36 ശതമാനം വർധിച്ച് 13,018 കോടി രൂപയിലെത്തി. മുൻവർഷം ഇതേകാലയളവിൽ ഇത് 9,553 കോടി രൂപയായിരുന്നു.അറ്റ പലിശ വരുമാനം (എൻ.ഐ.ഐ.) മൂന്നാം പാദത്തിൽ 375 കോടി രൂപയാണ്. മുൻവർഷം ഇതേകാലയളവിലെ 383 കോടി രൂപയിൽ നിന്ന് 2 ശതമാനം കുറവാണിത്. മറ്റ് വരുമാനം 75 ശതമാനം വർധിച്ച് 219 കോടി രൂപയായി. മുൻവർഷം ഇതേകാലയളവിൽ ഇത് 125 കോടി രൂപയായിരുന്നു. കറൻറ് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് 7 ശതമാനം വർധിച്ച് മൂന്നാം പാദത്തിൽ 8,042 കോടി രൂപയിലെത്തി. മുൻവർഷം ഇതേകാലയളവിൽ ഇത് 7,543 കോടി രൂപയായിരുന്നു.ശ്രദ്ധേയമായ ബിസിനസ്സ് വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ച 'കഴിഞ്ഞ പാദത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ബാങ്കിന്റെ ആസ്തി നിലവാരം മെച്ചപ്പെട്ടതായി സിഎസ്ബി ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രലായ് മൊണ്ടൽ പറഞ്ഞു. നിലവിൽ വലിയ നിക്ഷേപങ്ങൾ നടത്തിയിട്ടും, ചെലവ് നിയന്ത്രണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ, സിഐആർ തുടർച്ചയായ രീതിയിൽ കുറഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

# ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, ആറ് മാസം, മൂന്ന് മാസം ദൈർഘ്യമുള്ളലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്റേൺഷിപ്പ് ഉണ്ടായിരിക്കും. തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിൽ നടത്തുന്ന റെഗുലർ/പാർട്ടൈം ബാച്ചുകളിലേക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പാസ്സായവർക്ക് അപേക്ഷിക്കാം. ഫോൺ: 7994926081




# ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ തുറന്നു

**തൃശൂർ:** കേരളത്തിന്റെ ഹരിത പൈതൃകവും ജൈവവൈവിധ്യവും വിളംബരം ചെയ്യുന്ന ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ ചെറുതുരുത്തിക്ക് സമീപം നെടുമ്പുരയിൽ തുറന്നു. പതിനേഴാം നൂറ്റാണ്ടിൽ കൊച്ചിയിലെ ഡച്ച് ഗവർണറായിരുന്ന ഹെൻഡ്രിക് വാൻ റീഡ്, സഹായിയായ ഇട്ടി അച്യുതൻ വൈദ്യയുമായി ചേർന്ന് പ്രദേശത്തെ സസ്യജാലങ്ങളെയും ഔഷധ സസ്യങ്ങളെയും സൂക്ഷ്മമായി രേഖപ്പെടുത്തിയിരുന്നു. ആ ബൃഹത്തായ പുസ്തകമാണ് ഹോർട്ടസ് മലബാറിക്കസ് അഥവാ മലബാറിന്റെ പൂന്തോട്ടം. പതിനേഴാം നൂറ്റണ്ടിന്റെ ഗ്രന്ഥം തുറന്ന് സസ്യങ്ങൾ പൂന്തോട്ടത്തിലെത്തുന്ന അപൂർവ്വ കാഴ്ച്ചയാണ് 27 ഏക്കർ വിസ്തൃതിയുള്ള ഉദ്യാനം പ്രധാനമായി ഒരുക്കിയിട്ടുള്ളത്. വൃക്ഷത്തൈ നട്ടുകൊണ്ട് സസ്യോദ്യാനത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു.

ഹെൻഡ്രിക് വാൻ റീഡിന് ആദരവ് മാത്രമല്ല ഈ ഉദ്യാനം.കേരളത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യവും അതിന്റെ ഔഷധസസ്യ പാരമ്പര്യവും, ഇവിടുത്തെ ആവാസ വ്യവസ്ഥയും പഠനവും ആഘോഷവുമാവുന്ന ഇടമാണിതെന്ന് മന്ത്രി പറഞ്ഞു.യു.ആർ. പ്രദീപ് എംഎൽഎ അധ്യക്ഷത വഹിച്ചു. യുനെസ്കോ ആർക്കിയോളജിക്കൽ എത്തിക്സ് ആൻഡ് പ്രാക്ടീസ് ഇൻ കൾച്ചറൽ ഹെറിറ്റേജ് ചെയറുംയുകെയിലെ ഡർഹാം യൂണിവേഴ്സിറ്റി പ്രൊഫസറുമായ ഡോ. റോബിൻ കോണിംഗ്ഹാം; സൈജീനോം റിസർച്ച് ഫൗണ്ടേഷന്റെ സ്ഥാപകനും ചെയർമാനുമായ സാം സന്തോഷ്; മുൻ എംപി ഡോ. പി.കെ. ബിജു; വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷെയ്ഖ് അബ്ദുൾ ഖാദർ; എംഎസ് യൂണിവേഴ്സിറ്റി മുൻ പ്രഫസർ ഡോ. കെ. കൃഷ്ണൻ; കെഡിഐഎഎസ്സി മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണികൃഷ്ണൻ, എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ഹോർത്തൂസ് മലബാറിക്കസിൽ രേഖപ്പെടുത്തിയിരിക്കുന്ന 721 ഇനങ്ങൾ ഉൾപ്പെടെ 1,200ലധികം സസ്യ ഇനങ്ങൾ ഈ ഉദ്യാനത്തിലുണ്ട്. ആഗോള ജൈവവൈവിധ്യ കേന്ദ്രമായ പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന 700 അപൂർവ ഇനങ്ങൾ കൂടി ഇവിടെ സംരക്ഷിക്കപ്പെടുന്നു.

# കൂന്തലിന്റെ ജനിതക പ്രത്യേകതകൾ; കണ്ടെത്തലുമായി സിഎംഎഫ്ആർഐ

**കൊച്ചി:** കൂന്തലിന്റെ (ഇന്ത്യൻ സ്ക്വിഡ്) ജനിതക പ്രത്യേകതകൾ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മനുഷ്യരുമായുള്ള ജനിതകസാമ്യം, പരിണാമബന്ധങ്ങൾ എന്നിവയിലേക്ക് വെളിച്ചം വീശുന്ന സുപ്രധാന നേട്ടമാണിത്. സമുദ്രശാസ്ത്രത്തിനപ്പുറം, ന്യൂറോ സയൻസ് ഉൾപ്പെടെയുള്ള മേഖലകൾക്ക് മുതൽകൂട്ടാകുന്നതാണ് പഠനം. ബുദ്ധിശക്തി, മസ്തിഷ്ക വികസനം തുടങ്ങി മനുഷ്യരുടെ നാഡിവ്യവസ്ഥയുമായി സാമ്യമുള്ള കൂന്തലിന്റെ ജീൻ എക്സ്പ്രഷൻ മാതൃകകളാണ് സിഎംഎഫ്ആർഐ ഗവേഷകർ പഠനവിധേയമാക്കിയത്

സിഎംഎഫ്ആർഐയിലെ മറൈൻ ബയോട്കനോളജി, ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷനിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സന്ധ്യ സുകുമാരന്റെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്.വികസിത നാഡീവ്യൂഹം, ബുദ്ധിശക്തി, പ്രശ്നപരിഹാര കഴിവുകൾ, നിറംമാറാനുള്ള ശേഷി തുടങ്ങിയ പ്രത്യേകതകളോട് കൂടിയ സമുദ്രജീവിയാണ് കൂന്തൽ. ഇവയുടെ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാൻ സഹായിക്കുന്ന ജീൻ എക്സ്പ്രഷൻ പ്രൊഫൈലുകളാണ് സിഎംഎഫ് ആർഐ ഗവേഷകർ തിരിച്ചറിഞ്ഞത്. ഇതിലൂടെ, മനുഷ്യൻ ഉൾപ്പെടെയുള്ള ഉയർന്ന കശേരുകികളുമായി കൂന്തലിന് ജനിതകസാമ്യമുള്ളതായി കണ്ടെത്തി. പരിണാമപരമായ ബന്ധങ്ങളിലേക്കാണ് ഇത് വെളിച്ചം വീശുന്നത്.കൂന്തലിന്റെ സങ്കീർണമായ മസ്തിഷ്ക വികാസം മനസ്സിലാക്കുന്നതിലൂടെ, ന്യൂറോ ബയോളജി, ബുദ്ധിശക്തി, നാഡീവ്യവസ്ഥയുടെ പരിണാമ ബന്ധങ്ങൾ എന്നീ മേഖലകളിൽ നിർണായക അറിവുകൾ നേടാൻ സഹായിക്കുമെന്ന് ഡോ സന്ധ്യ സുകുമാരൻ പറഞ്ഞു.ന്യൂറൽ സർക്യൂട്ടുകൾ, ഓർമ, നാഡീ രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ കൂടുതൽ വികസിപ്പിക്കാനും ഇത് സഹായിക്കും. എല്ലാ ജീവജാലങ്ങളുടെയും ബുദ്ധിശേഷി, മസ്തിഷ്ക വികാസം, പരിണാമം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന സുപ്രധാന മാതൃക ജീവിവർഗമാണ് (മോഡൽ ഓർഗാനിസം) കൂന്തലെന്ന് ഈ പഠനത്തിലൂടെ തെളിഞ്ഞെന്നും അവർ പറഞ്ഞു.പുതിയ കണ്ടെത്തൽ, സുസ്ഥിര സമുദ്ര വിഭവ മാനേജ്മെന്റ് രംഗത്തും വലിയ മുതൽകൂട്ടാകും. കടൽജീവികൾ പാരിസ്ഥിതിക മാറ്റങ്ങളോട് എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് മനസ്സിലാക്കാൻ ഈ ജനിതക കണ്ടെത്തലുകൾ വഴിയൊരുക്കും.നേരത്തെ, ഡോ സന്ധ്യ സുകുമാരന്റെ നേതൃത്വത്തിൽ മത്തി, കല്ലുമ്മക്കായ എന്നിവയുടെ സമ്പൂർണ ജനിതക രഹസ്യം കണ്ടെത്തിയിരുന്നു.

# ആക്സിസ് മാക്സ് ലൈഫ് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കും

**കൊച്ചി:** കേരളത്തിലെ ഉൾപ്പെടെയുള്ള രാജ്യത്തെ വിവിധ ടൈർ 3, ടൈർ 4 നഗരങ്ങളിലെ ആരോഹൻ ശാഖകൾ കേന്ദ്രികരിച്ച് 35 നഗരങ്ങളിലായി 7000ത്തിലധികം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കാൻ ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്. 'ഇൻഷുർഎർത്ത്' എന്ന പ്രോഗ്രാമിന്റെ ഭാഗമായി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കലിൽ ജീവനക്കാർ, ഏജൻസി പങ്കാളികൾ, പ്രാദേശിക കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 1,700ലധികം സന്നദ്ധപ്രവർത്തകരാണ് പങ്കെടുത്തത്.

പാർക്കുകൾ, സ്കൂളുകൾ പോലുള്ള പൊതു ഇടങ്ങളെ ഹരിതവും വൃത്തിയുള്ളതുമായ അന്തരീക്ഷമാക്കി മാറ്റി ഹരിത ജീവിതം പ്രോത്സാഹിപ്പിക്കാനാണ് സംരംഭം ലക്ഷ്യമിടുന്നത്.

ഉപഭോക്താക്കളുടെ സാമ്പത്തിക ഭാവി മാത്രമല്ല,വരും തലമുറയുടെ ഭാവിയും സംരക്ഷിക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബന്ധരാണെന്ന് ആക്സിസ് മാക്സ് ലൈഫിന്റെ ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ സുമിത് മദൻ പറഞ്ഞു.

# ഒബെൻ ഇലക്ട്രിക് 10 പുതിയ ഷോറൂമുകൾ തുറന്നു




**ബംഗളൂരു:** സ്വദേശീയ ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക്, രാജ്യത്തെ പ്രധാന സ്ഥലങ്ങളിൽ 10 പുതിയ ഷോറൂമുകളും സർവീസ് സെന്ററുകളും ആരംഭിച്ചു. ഈ വിപുലീകരണത്തോടെ,

14 നഗരങ്ങളിലും 7 സംസ്ഥാനങ്ങളിലുമായുള്ള 22 ഷോറൂമുകളിലും സർവീസ് സെന്ററുകളിലുമായി 53 ദശലക്ഷത്തിലധികം ഇന്ത്യക്കാരിലേക്ക് ഒബെൻ ഇപ്പോൾ എത്തിച്ചേരുന്നു. ശിവാജിനഗർ, ധനകവാടി (പുണെ), ഹുബ്ബള്ളി (കർണാടക), മലപ്പുറം, തൃശൂർ (കേരളം), ബിലാസ്പൂർ (ഛത്തീസ്ഗഡ്), ലഖ്നൗ, മെയിൻപുരി, ബുദൗൺ (ഉത്തർപ്രദേശ്), അധിചിനി (ന്യൂഡൽഹി) എന്നിവിടങ്ങളിലാണ് പുതിയ ഷോറൂമുകൾ.

# ഔട്ട്ഡോർ സാഹസികതകളൊരുക്കി സഞ്ചാരികളെക്കാത്ത് ദുബായ്



**ദുബായ്:** സാഹസിക സഞ്ചാരികൾക്കായി പർവതാരോഹണവും മരുഭൂമി യാത്രകളുമടക്കം വൈവിധ്യമാർന്ന പരിപാടികളൊരുക്കി ദുബായ്. സാഹസികത ഇഷ്ടപ്പെടുന്നവരെ കൂടാതെ ദുബായ് നഗരത്തിന്റെ മനോഹര കാഴ്ചകളും ബീച്ചും ക്യാംപിംഗും മറ്റും ആസ്വദിക്കാനുള്ള അവസരം കൂടിയാണ് ഈ സീസണിൽ ഒരുക്കിയിട്ടുള്ളത്.ആഡംബര താമസസൗകര്യത്തോടു കൂടിയുള്ള രാത്രികാല മരുഭൂമി സഫാരിയിൽ മണലിലൂടെയുള്ള സാഹസികയാത്രയ്ക്കുള്ള അവസരമാണ് ലഭിക്കുക.ഹത്തായിലേക്കുള്ള പാതയിൽ വെറും 30 മിനിറ്റ് ഡ്രൈവ് ചെയ്താൽ 300 ചതുരശ്ര അടിക്ക് മുകളിൽ സ്ഥിതി ചെയ്യുന്ന മരുഭൂമിയിലെ ഏറ്റവും വലിയ മണൽക്കൂനയിൽ രാത്രി ചെലവഴിച്ച് സാഹസികത ആസ്വദിക്കാം. മരുഭൂമി പ്രദേശമായ സൈഹ് അൽ സലാമിലെ അൽ ജിയാദ് സ്റ്റേബിൾസിൽ കുതിര സവാരി നടത്താനും അവസരമുണ്ട്. ദുബായിലെ സൈഹ് അൽ സലാം മരുഭൂമിയിൽ 10 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന മനുഷ്യനിർമ്മിത തടാകങ്ങളായ അൽ മർമൂവിൽ മരുഭൂമിയിലെ നിരവധി ദേശാടന പക്ഷികളുൾപ്പെടെ തടാകങ്ങൾക്ക് ചുറ്റും വസിക്കുന്ന 170 ഇനം പക്ഷികളെ കാണാം.ദുബായ് ഡൗൺടൗണിൽ നിന്ന് വെറും 90 മിനിറ്റ് യാത്ര ചെയ്താൽ എത്തിച്ചേരാവുന്ന ഹത്ത പർവതനിര, യുഎഇയെ ഒമാനിൽ നിന്ന് വേർതിരിക്കുന്ന കിഴക്കൻ അറേബ്യൻ ഉപദ്വീപിലെ ഏറ്റവും ഉയരമുള്ള പർവതനിരയായ ഹജർ എന്നിവ കൂടാതെ പർവതപാതയിലെ ബൈക്ക് റൈഡിംഗ്, കയാക്കിംഗ്, കുതിര സവാരി, ക്യാമ്പിംഗ് എന്നിവയും ആസ്വദിക്കാം. വനത്തിലെ താമസം, ലോകത്തെ മികച്ച ഭക്ഷ്യവിഭവങ്ങളും ആസ്വദിക്കാനുള്ള അവസരം തുടങ്ങി വൈവിധ്യമാർന്ന അവസരങ്ങളും ഈ സീസണിൽ ദുബായ് ഒരുക്കിയിട്ടുണ്ട്.

# സ്ക്രിപ്ബോക്സ് കേരളത്തിലെ ആദ്യ ഓഫീസ് കൊച്ചിയിൽ തുറന്നു

scripbox

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഡിജിറ്റൽ വെൽത്ത് മാനേജ്മെന്റ് കമ്പനിയായ സ്ക്രിപ്ബോക്സ് കേരളത്തിലെ ആദ്യ ഓഫീസ് കൊച്ചിയിൽ തുറന്നു. പ്രാദേശികമായ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ സമഗ്ര വെൽത്ത് മാനേജ്മെന്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് ഈ വിപുലീകരണമെന്ന് സ്ക്രിപ്ബോക്സ് സ്ഥാപകനും സിഇഒയുമായ അതുൽ ശിംഘൽ പറഞ്ഞു.കേരളീയരുടെ സാമ്പത്തിക ലക്ഷ്യം നിറവേറ്റുന്നതിന് സഹായകമാകുന്ന മ്യൂച്വൽ ഫണ്ടുകൾ, പോർട്ട്ഫോളിയോ മാനേജ്മെന്റ് സേവനങ്ങൾ (പിഎംഎസ്), ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകൾ (എഐഎഫ്) തുടങ്ങിയ നിക്ഷേപ സേവനങ്ങളാണ് സ്ക്രിപ്റ്റ്ബോക്സ് നൽകുന്നത്. വൈസ് പ്രസിഡന്റ് (ഫിനാൻഷ്യൽ സർവീസസ്) ദീപാലി ജോസ് കേരളത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.ഉയർന്ന സാക്ഷരത നിരക്കും ശക്തമായ സാമ്പത്തിക അവബോധവുമുള്ള കേരളത്തിൽ വെൽത്ത് മാനേജ്മെന്റ് മേഖലയിൽ വലിയ അവസരങ്ങളാണുള്ളത്. ഗൾഫ് രാജ്യങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന സംസ്ഥാനത്തെ വലിയൊരു വിഭാഗം പ്രവാസികളും തങ്ങളുടെ വരുമാനം ഇന്ത്യയിൽ തിരികെ നിക്ഷേപിക്കുന്നതിന് പ്രൊഫഷണൽ മാർഗങ്ങൾ സജീവമായി അന്വേഷിക്കുന്നവരാണ്. കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ കൊച്ചിയാണ് സംസ്ഥാനത്തെ ഏറ്റവും ആസ്തിയുള്ള നഗരമെന്ന് 2024 ഒക്ടോബറിലെ സിഎംഎംഎസ് റിപോർട്ട് പറയുന്നു. സ്ക്രിപ്ബോക്സിന്റെ കൊച്ചി ഓഫീസ് വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സമഗ്ര വെൽത്ത് മാനേജ്മെന്റ് സേവനങ്ങളാണ് നൽകുന്നത്. വ്യക്തിഗത ഫിനാൻഷ്യൽ പ്ലാനിംഗ്, പോർട്ട്ഫോളിയോ ഒപ്റ്റിമൈസേഷൻ, റിസ്ക് പ്രൊഫൈലിംഗ്, അസറ്റ് അലോക്കേഷൻ തുടങ്ങി ഓരോ നിക്ഷേപകന്റേയും ശീലം, സാമ്പത്തിക ലക്ഷ്യങ്ങൾ, ജീവിത ഘട്ടം എന്നിവ അനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നു.

# സാംസങ് ഗ്യാലക്സി എസ്25 സീരീസ് പ്രീ ബുക്ക് ചെയ്യാം

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ ഏറ്റവും പുതിയ ഗ്യാലക്സിര എസ്25 അൾട്ര, ഗ്യാലക്സി എസ്25 പ്ലസ്, ഗ്യാലക്സി എസ്25 സ്മാർട് ഫോണുകൾക്കായുള്ള പ്രീ ബുക്കിംഗ് ഓഫറുകൾ പ്രഖ്യാപിച്ചു. എഐയുടെ നൂതന സാധ്യതകളാൽ പുത്തൻ മൊബൈൽ അനുഭവം ഉപഭോക്താക്കൾക്കായി ഉറപ്പാക്കുന്ന മോഡലുകളാണിവയെന്ന്  സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒയുമായ ജെ.ബി പാർക്ക് പറഞ്ഞു.. ഗ്യാലക്സി എസ്25 സീരീസുകളിലൂടെ ഗ്യാലക്സി എഐയുടെ അടുത്ത അധ്യായമാണ് ഞങ്ങൾ തുറക്കുന്നത്. സ്വകാര്യതയും സുരക്ഷയും ഉറപ്പുനൽകിക്കൊണ്ട് പേഴ്സണലൈസ്ഡ് എഐ ഫീച്ചറുകൾ ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. നോയ്ഡയിലെ ഫാക്ടറിയിലാണ് ഗ്യാലക്സി എസ്25 സീരീസ് നിർമിക്കപ്പെടുക. വൺ യുഐ 7നുമായി എത്തുന്ന ആദ്യ സ്മാർട് ഫോണുകളാണ് ഗ്യാലക്സി എസ്25 സീരീസിലുള്ളത്. ടെക്സ്റ്റുകളും സ്പീച്ചുകളും ചിത്രങ്ങളും വീഡിയോകളും എഐ സഹായത്തോടെ വിശകലം ചെയ്യുവാൻ സാംസങ് എസ് 25ൽ സാധിക്കും. ഗൂഗിളിന്റെ സർക്കിൾ ടു സെർച്ച്, കാൾ ട്രാൻസ്ക്രിപ്റ്റ്, റൈറ്റിംഗ് അസിസ്റ്റ്, ഡ്രോയിംഗ് അസിസ്റ്റ് തുടങ്ങിയ എഐ ടൂളുകൾ എസ് 25 ൽ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പേഴ്സണലൈസ്ഡ് എഐ ഫീച്ചറുകൾക്കായി പേഴ്സണൽ ഡാറ്റ എഞ്ചിനും ഗ്യാലക്സി എസ്25 സീരീസിലുണ്ട്. എല്ലാ വ്യക്തി വിവരങ്ങളും സ്വകാര്യവും ക്നോക്സ് വാൾട്ടിനാൽ സുരക്ഷിതവുമായിരിക്കും. സ്വകാര്യ വിവരങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പോസ്റ്റ് ക്വാണ്ടം ക്രിപ്റ്റോഗ്രഫിയും ഗ്യാലക്സി എസ്25ൽ അവതരിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ഗ്യാലക്സി എസ് സീരിസിലെ തന്നെ ഏറ്റവും കരുത്തേറിയ സ്നാപ്ഡ്രാഗൺ 8 എലൈറ്റ് ആണ് ഗ്യാലക്സി എസ്25 സീരിസിന് കരുത്ത് പകരുന്നത്. ഹൈ റസല്യൂഷൻ സെൻസറുകളും പ്രൊ വിഷ്വൽ എഞ്ചിനുമായി എല്ലാ റേഞ്ചിലും അൾട്രഡീറ്റിയൽഡ് ഷോട്ട്സ് ഗ്യാലക്സി എസ്25 ഉറപ്പുനൽകുന്നു. അപ്ഗ്രേഡ് ചെയ്ത പുതിയ 50 എംപി അൾട്രവൈഡ് ക്യാമറ സെൻസറാണ് ഗ്യാലക്സി എസ്25 അൾട്രയിലുള്ളത്. ഗ്യാലക്സി എസ് സീരീസിലെ ഏറ്റവും ഭാരം കുറഞ്ഞതും കട്ടി കുറഞ്ഞതും ദീർഘനാൾ ഈടു നിൽക്കുന്നതുമായ മോഡലാണ് ഗ്യാലക്സി എസ് 25 അൾട്ര. 7 വർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റുകളും ഒഎസ് അപ്ഗ്രേഡുകളും ലഭ്യമാകും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com